## പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 31

20.06.2007 -ൽ മറുപടിക്ക്

## കാർഷിക മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. രാജൻ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. കെ. അജിത്<br>ശ്രീമതി ഇ.എസ്. ബിജി മോൾ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ധനസഹായം ആവശ്യപ്പെട്ട് കേന്ദ്രത്തിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ എത്ര തുകയുടെ സഹായമാണാവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) അഞ്ച് ജില്ലകൾക്കായുള്ള പ്രത്യേക പാക്കേജിൽ 7624.05 കോടി രൂപയുടെയും, ആലപ്പുഴ, ഇടുക്കി ജില്ലകൾക്കായി സമർപ്പിച്ച പ്രത്യേക പാക്കേജിൽ 1153.37 കോടി രൂപയുടെയും ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ട്. കാർഷിക മേഖലയിൽ കേന്ദ്രം പ്രഖ്യാപിച്ച 25,000 കോടി രൂപയുടെ പദ്ധതിയിൽ കേന്ദ്ര അനുമതി ലഭിക്കുന്നതിന് 8041 കോടി രൂപയുടെ പദ്ധതികളും, ആലപ്പുഴയിൽ കൃഷിനാശം സംഭവിച്ചവർക്ക് ലഭ്യമാക്കുന്നതിന് 10 കോടി രൂപയുടെ ധനസഹായവും ആവശ്യപ്പെട്ടിട്ടുണ്ട്. തേയില, കാപ്പി, റബ്ബർ എന്നീ വിളകൾക്ക് 441 കോടി രൂപയുടെ ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമെ കമുക് കൃഷി പുനരുദ്ധാരണത്തിന് 49 കോടി രൂപയുടെയും, മറ്റ് വിളകൾക്ക് 20 കോടി രൂപയുടെയും മലമ്പുഴയിൽ ഹോർട്ടികൾച്ചർ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് 5 കോടി രൂപയുടെയും, നെടുമ്പാശ്ശേരിയിൽ പഴം, പച്ചക്കറി |

ശീതീകരണ സംവിധാനം ഏർപ്പെടുത്തുന്നതിന് 15 കോടി രൂപയുടെയും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പ്രവർത്തനം കൊല്ലം, പത്തനംതിട്ട ജില്ലകളിൽ വ്യാപിപ്പിക്കുന്നതിന് 5 കോടി രൂപയുടെയും ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

സി) ' വിദർഭ മോഡൽ ' പാക്കേജിൽ കേരളത്തിലെ ഏതെല്ലാം ജില്ലകളെ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുണ്ട്; ഏതെല്ലാം ജില്ലകളെ കൂടി ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

സി) വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളെയാണ് ' വിദർഭ മോഡൽ ' കാർഷിക പാക്കേജിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇടുക്കി, ആലപ്പുഴ ജില്ലകളെ കൂടി ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഡി) കാർഷിക പാക്കേജിനും, കാർഷിക മേഖലയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനത്തിനുമായി എത്ര തുക വീതം സഹായം ആവശ്യപ്പെട്ടിട്ടുണ്ടെന്ന് പ്രത്യേകം വിശദമാക്കാമോ;

ഡി) അഞ്ച് ജില്ലകൾക്കായുള്ള പ്രത്യേക പാക്കേജ് പ്രകാരം 7624.05 കോടി രൂപയും രണ്ട് ജില്ലകൾക്കുള്ള പ്രത്യേക പാക്കേജിനായി 1153.37 കോടി രൂപയും നാളികേരം, കുരുമുളക്, ഏലം, കശുമാവ് എന്നിവയുടെ ഉൽപ്പാദനത്തിനും വികസനത്തിനുമായും കാർഷിക കയറ്റുമതി മേഖലകളുമായി (AEZ) 8041 കോടി രൂപയുടെയും സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണത്തിനായി 3.68 കോടി രൂപയുടെ ധനസഹായവും ആവശ്യപ്പെട്ടിട്ടുണ്ട്.

ഇ) കഴിഞ്ഞ വർഷം സംസ്ഥാനത്തെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ഇനത്തിലും ലഭിച്ച സഹായം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

ഇ) ഉണ്ട്. ' വിദർഭ മോഡൽ ' കാർഷിക പാക്കേജിനായി 765.24 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാനാണ് ഈ തുക അനുവദിച്ചത്.

| | | |
|---|---|---|
| 1 | പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം | - 1.50 കോടി രൂപ |
| 2 | പലിശ എഴുതിത്തള്ളുന്നതിന് | - 360 കോടി രൂപ |

| | | |
|---|---|---|
| 3 | ജലസേചനം | - 105.03 കോടി രൂപ |
| 4 | സീഡ് റീപ്ലേസ്മെന്റ് | - 1.92 കോടി രൂപ |
| 5 | നീർത്തട വികസനം | - 180 കോടി രൂപ |
| 6 | ഹോർട്ടികൾച്ചർ വികസനം | - 46.33 കോടി രൂപ |
| 7 | മൈക്രോ ഇറിഗേഷൻ | - 19.53 കോടി രൂപ |
| 8 | എക്സ്റ്റൻഷൻ സർവ്വീസ് | - 1.50 കോടി രൂപ |
| 9 | സബ്സിഡിയറി വരുമാനം | - 49.43 കോടി രൂപ |
| | ആകെ | - **765.24** കോടി രൂപ |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :32 | 20-6-2007-ൽ മറുപടിക്ക്

കേരള ഹെൽത്ത് ടൂറിസം 2007

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം<br>" എം.ജെ.ജേക്കബ്<br>" വി.ശശികുമാർ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി). |
| (എ) കൊച്ചിയിൽ സംഘടിപ്പിച്ച രാജ്യാന്തര ആരോഗ്യ വിനോദ സഞ്ചാര സമ്മേളനമായ 'കേരള ഹെൽത്ത് ടൂറിസം 2007' സംസ്ഥാനത്ത് ആരോഗ്യ വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും ഈ രംഗത്ത് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഗുണ മേൻമ ഉറപ്പു വരുത്തുന്നതിനുമായി എന്തെല്ലാം നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചു എന്നു വെളിപ്പെടുത്തുമോ; | (എ) ആരോഗ്യ വിനോദ സഞ്ചാര മേഖലയിൽ സംസ്ഥാനത്ത് വൻ കുതിച്ചു ചാട്ടം പ്രതീക്ഷിച്ചുകൊണ്ടുള്ള നിരവധി നിർദ്ദേശങ്ങൾ സമ്മേളനത്തിൽ ഉയർന്നു വന്നു. ഇതനുസരിച്ച് ചികിത്സാർത്ഥം കേരളത്തിലെത്തുന്ന സഞ്ചാരികളുടെ എണ്ണം അഞ്ചു വർഷം കഴിയുമ്പോൾ പ്രതിവർഷം ഒരു ലക്ഷമാക്കി ഉയർത്തുന്ന പ്രവർത്തനം എല്ലാ മേഖലയിലും തുടങ്ങാൻ സമ്മേളനം നിർദ്ദേശിച്ചു. അമേരിക്ക, യൂറോപ്പ് എന്നിവക്കു പുറമേ ഏഷ്യയിൽ നിന്നും ആഫ്രിക്കയിൽനിന്നുമൊക്കെ ചികിത്സ തേടി എത്തുന്നവരെ കൂടി കേരളത്തിലെ സ്വകാര്യ ആശുപത്രികൾ ലക്ഷ്യമിടണമെന്ന നിർദ്ദേശം സമ്മേളനത്തിൽ ഉയർന്നു വന്നു. ഉത്തരവാദിത്തപൂർണ്ണ ടൂറിസം എന്ന |

സംസ്ഥാനത്തിന്റെ വിനോദ സഞ്ചാര നയത്തെ മുൻ നിർത്തിയാവണം സംസ്ഥാനത്തെ മെഡിക്കൽ ടൂറിസം വളരേണ്ടത് എന്ന് സർക്കാർ നിർദ്ദേശിച്ചു. കൂടാതെ ആരോഗ്യ വിനോദ സഞ്ചാരം വഴി ലഭിക്കുന്ന വരുമാനത്തിൽ ഒരു വിഹിതം സാധാരണക്കാരന്റെ ചികിത്സക്കായി മാറ്റി വയ്ക്കാൻ സ്വകാര്യ ആശുപത്രികളെ പ്രേരിപ്പിക്കണം എന്ന ഒരു നിർദ്ദേശവും സമ്മേളനത്തിൽ ഉരുത്തിരിഞ്ഞു. മെഡിക്കൽ ടൂറിസം രംഗത്ത് മുന്നേറാൻ കേരളത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന കൂടുതൽ ആശുപത്രികൾക്ക് അക്രഡിറ്റേഷൻ കൊണ്ടു വരുന്നതിനുള്ള നടപടി ഊർജ്ജിതപ്പെടുത്തണമെന്ന അഭിപ്രായം യോഗത്തിലുണ്ടായി. ഇതു കൂടാതെ കേരളത്തിലെ ആരോഗ്യ വിനോദ സഞ്ചാര മേഖലയുടെ വികസനത്തിനു വേണ്ടി ആയുർവേദത്തിന്റെ വികസനത്തിൽ കൂടി ശ്രദ്ധ ചെലുത്തണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.

(ബി) 'ഹെൽത്ത് ടൂറിസം' ആകർഷകമാക്കാനും ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി

(ബി) വികസിത രാജ്യങ്ങളിൽ ചികിത്സക്കായി വൻ തുകയാണ് ചെലവാക്കേണ്ടി വരുന്നത്. മാത്രമല്ല ഇതിനായി ദീർഘനാൾ കാത്തുനിൽക്കേണ്ട അവസ്ഥയും നിലനിൽക്കുന്നു.

സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല് ലാമാണ് ;

കേരളത്തിലെ വൻകിട സ്വകാര്യ ആശുപത്രികളിൽ വിദേശരാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ചെലവ് തീരെ കുറവാണ്. ഈ അവസ്ഥയെ ഫലപ്രദമായി ഉപയോഗിച് ചാൽ, രോഗികൾക്ക് ചികിത്സയും വിനോദ സഞ്ചാരത്തിനും സൗകര്യമൊരുക്കികൊണ്ട് കൂടുതൽ ഹെൽത്ത് ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ കഴിയും.

ഇതിനായി ഈ രംഗത്തുള്ളവരെ പ്രേരിപ്പിക്കുകയും അന്താരാഷ് ട്ര വിപണിയിൽ ഇവിടുത്തെ സൗകര്യങ്ങളെ അറിയിക്കുകയുമാണ് സർക്കാർ ചെയ്യുന്നത്.

ഇത്തരത്തിൽ വിദേശ ഹെൽത്ത് ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വൻ തോതിൽ വർദ്ധനയുണ്ടാക്കി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയും, രാജ്യത്തിന്റെ വിദേശ നാണ്യത്തിലും നേട്ടങ്ങളുണ്ടാക്കുകയാണ് ഹെൽത്ത് ടൂറിസം ലക്ഷ്യം വയ്ക്കുന്നത്. ഇതിനായി സി.ഐ.ഐയുമായി ബന്ധപ്പെട്ട് ചില നടപടികൾക്ക് സർക്കാർ തുടക്കം കുറിച് ചിട്ടുണ്ട്. കേരളത്തിൽ ഹെൽത്ത് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സ്വകാര്യ മേഖലയുമായി ചേർന്നുള്ള പദ്ധതികളാണ് ഇപ്പോൾ സർക്കാർ ആവിഷ്കരിച് ച് നടപ്പാക്കി വരുന്നത്.

ഇതനുസരിച്ച് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുമായി ചേർന്ന് കൊച്ചിയിൽ അന്താരാഷ്ട്ര തലത്തിലുള്ള ഒരു സെമിനാറും എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ വിദേശ രാജ്യങ്ങളിൽ ഹെൽത്ത് ടൂറിസവുമായി ബന്ധപ്പെട്ട് നടക്കുന്ന മേളകളിൽ കേരളത്തിലെ പ്രധാനപ്പെട്ട ആശുപത്രികളെ കൂടി പങ്കെടുപ്പിക്കുന്നതിന് വകുപ്പ് ശ്രദ്ധ ചെലുത്തി വരുന്നു. ഇതു കൂടാതെ കേരളത്തിൽ ഇന്ന് ലഭ്യമായ ചികിത്സകളും അവയുടെ ചിലവും മററു സൗകര്യങ്ങളും എല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള ബ്രോഷറുകൾ വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച കൂടുതൽ പ്രവർത്തനങ്ങൾ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി നടത്തുന്ന പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കുന്നതാണ്.

(സി) ദേശീയ, അന്തർ ദേശീയ അക്രഡിറ്റേഷനുകൾ നേടുന്നതിന് ആശുപത്രികൾ മുന്നോട്ടു വരുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകാൻ നടപടി

(സി) നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് എന്ന ദേശീയ അക്രഡിറ്റേഷൻ ലഭിക്കുന്നതിന് ആശുപത്രികൾ നിരവധി സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. അക്രഡിറ്റേഷൻ ലഭിക്കുന്നതിന്

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ ; | | ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ വളരെയധികം പണ ചെ് ചലവുള്ളതായതിനാൽ ഇത്തരം അക്രഡിറ്റേഷൻ നേടുന്ന കാര്യത്തിൽ ആശുപത്രികൾ തന്നെ സ്വയം തീരുമാനിക്കേണ്ടതാണ്. |
| (ഡി) | സംസ്ഥാനത്ത് ഹെൽത്ത് ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (ഡി) | നിലവിൽ സംസ്ഥാനത്ത് എത്തുന്ന ഹെൽത്ത് ടൂറിസ്റ്റുകളുടെ എണ്ണം കണക്കാക്കുന്നതിനുള്ള സംവിധാനം നിലവിലില് ല. എന്നാൽ ഹോസ്പിറ്റലുകളുമായി ചേർന്ന് ഇതിനുള്ള നടപടി വകുപ്പ് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: * 33 | 20.6.2007 ന് മറുപടിക്ക്

### പുതിയ ഐ.ടി.ഐ. കൾ

ചോദ്യം. | ഉത്തരം

ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീ. വി. ശിവൻകുട്ടി:
ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ:
ശ്രീ. എം. പ്രകാശൻ മാസ്റ്റർ:
ശ്രീമതി. കെ.കെ. ലതിക:

ശ്രീ. പി.കെ. ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പു മന്ത്രി).

(എ) സംസ്ഥാനത്ത് പുതിയ ഐ.ടി.ഐ. കൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എ) ഉണ്ട്. സംസ്ഥാനത്ത് പുതിയ ഐ.ടി.ഐ. കൾ സ്ഥാപിക്കുന്നതിനായി വിവിധ എം.എൽ.എ മാർ പഞ്ചായത്ത് അധികൃതർ തുടങ്ങിയവരിൽ നിന്നും 39 നിവേദനങ്ങൾ ലഭിച്ചു കഴിഞ്ഞു. ഇതിൽ 21 പുതിയ ഐ.ടി.ഐ. കൾ ആരംഭിക്കുന്നത് സംബന്ധിച്ചുനിർദ്ദേശം ട്രെയിനിംഗ് ഡയറക്ടർ നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന നിവേദനങ്ങളിൽ നടപടി സ്വീകരിക്കുന്നതിനായി ട്രെയിനിംഗ് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പുതിയ ഐ.ടി.ഐ. കൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) പുതിയ ഐ.ടി.ഐ. കൾ തുടങ്ങുന്നതിനായി ഡി.ജി.ഇ.ടി. ന്യൂഡൽഹി പുറപ്പെടുവിച്ചിട്ടുള്ള ട്രെയിനിംഗ് മാന്വൽ പേജ്-138 (lll) പുതിയ ഐ.ടി.ഐ. കൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ബി (1) പ്രകാരം സാങ്കേതിക പരിജ്ഞാനം ആർജ്ജിക്കുന്നതിനാവശ്യമായ യുവാക്കളെ വാർത്തെടുക്കുന്നതിനായി പുതിയ ഐ.ടി.ഐ. കൾ ആരംഭിക്കുവാൻ അതാത് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലവും കെട്ടിടവും ഫർണിച്ചറും ലഭ്യമാക്കുകയാണെങ്കിൽ അവയ്ക്ക് മുൻഗണന നല്കി ഫണ്ടിന്റെ ലഭ്യത അനുസരിച്ചു പുതിയ ഐ.ടി.ഐ. കൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

---

(സി) ഈ നിബന്ധനകൾ പാലിച്ചുകൊണ്ട് എത്ര അപേക്ഷകളാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്;

(സി) വിവിധ എം.എൽ.എ മാർ പഞ്ചായത്ത് അധികൃതർ തുടങ്ങിയവരിൽ നിന്നും 39 സ്ഥലങ്ങളിൽ ഐ.ടി.ഐ. കൾ തുടങ്ങണമെന്ന് നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്.

(ഡി) ഐ.ടി.ഐ. കളിലെ കോഴ്സുകൾ തൊഴിൽ കമ്പോളത്തിലെ സാധ്യതകൾക്കനുസരിച്ച് പുനസംവിധാനം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(ഡി) ഉണ്ട്. സർക്കാർ ഉത്തരവ് (ആർ.ടി) നം:3328/2004/തൊഴിൽ. തീയതി. 21.12.2004 പ്രകാരം വരും തലമുറയ്ക്ക് പ്രയോജനം ലഭിക്കുന്നതിന് ഉതകുന്ന കോഴ്സുകൾ കണ്ടെത്തുവാൻ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്ന ഏജൻസിയെ നിയോഗിച്ചിരുന്നു. ഈ സ്ഥാപനം നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വിവിധ ഐ.ടി.ഐ. കളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളായി (Centre of Excellence) ഉയർത്താനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 34* — 20.6.2007 ൽ മറുപടിക്ക്

## പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം

**ചോദ്യം**

ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. കെ. രാജു :
ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീ. രാജാജി മാത്യു തോമസ് :

**ഉത്തരം**

ഷെവ. ടി. യു. കുരുവിള
(ബഹു: മരാമത്ത് വകുപ്പ് മന്ത്രി)

(എ) ടാറിനു പകരം പ്ലാസ്റ്റിക് ഉപയോഗിച്ചുകൊണ്ട് റോഡ് നിർമ്മാണം നടത്തുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ടോ, എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(എ) ഉണ്ട്, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് നിശ്ചിത അളവിൽ അരിഞ്ഞെടുത്ത്, 170°C ചൂടാക്കിയ മെറ്റലിൽ വിതറി അതിൽ ചൂടാക്കിയ ടാർ ചേർത്ത് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കാം.

(ബി) സംസ്ഥാനത്ത് ഏതെല്ലാം റോഡുകളിൽ ഇപ്രകാരം പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തിരുവനന്തപുരത്ത് ശ്രീകാര്യം ഗ്രാമപഞ്ചായത്തിലെ ചാവടിമുക്ക് - പുല്ലാന്നിവിള റോഡിൽ ചാവടിമുക്കിൽ നിന്നും 500 മീറ്റർ നീളത്തിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് ടാറിംഗ് നടത്തിയിട്ടുണ്ട്.

(സി) കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുവാൻ ഇത്തരം റോഡുകൾക്ക് കഴിയുമോ ; എങ്കിൽ ഇത് വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കഴിയുമെന്നാണ് നിഗമനം. ഈ സാങ്കേതിക വിദ്യയെ അടിസ്ഥാനപ്പെടുത്തി പരീക്ഷണാടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ഓരോ കി.മീ. റോഡ് തിരഞ്ഞെടുത്ത് പ്രാവർത്തികമാക്കുന്നതിനായി എല്ലാ റോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഗവേഷണ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ; കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ഏതെല്ലാം തരത്തിലുള്ള സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(ഡി) തിരുവനന്തപുരം ജില്ലയിലെ കാര്യവട്ടത്തുള്ള കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന ഗവേഷണ വിഭാഗം പൊതു മരാമത്തു വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ താഴെ പറയുന്ന സാങ്കേതിക വിദ്യകൾ അവിടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

(1) ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റോഡു നിർമ്മാണത്തിന് എങ്ങനെ ഉപയുക്തമാക്കാം എന്നതിനെപ്പറ്റിയുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ച് എടുത്തിട്ടുണ്ട്.

(2) നിർമ്മാണ മേഖലയിൽ ആറ്റുമണലിനു പകരം ഗുണനിലവാരമുള്ള പാറപ്പൊടിച്ച് ഉപയോഗിക്കുന്നതിനുള്ള പഠനം നടത്തിയിട്ടുണ്ട്.

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 35 — 20.06.2007 -ൽ മറുപടിക്ക്

### പ്രതിരോധശേഷിയുള്ള വിത്തിനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. അടൂർ പ്രകാശ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കീടങ്ങളുടെ ആക്രമണത്തെ തടയുവാൻ കഴിയുന്ന വിധത്തിലുള്ള വിത്തുവർഗ്ഗങ്ങൾ ഉല്പാദിപ്പിക്കുവാൻ കാർഷിക സർവ്വകലാശാല ഉദ്ദേശിക്കുന്നുണ്ടോ; | എ) കീടങ്ങളെയും രോഗങ്ങളെയും ചെറുത്തു നിൽക്കുവാൻ ശേഷിയുള്ള വിത്തിനങ്ങൾ കേരള കാർഷിക സർവ്വകലാശാല 1980 മുതൽ തന്നെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. |
| ബി) എങ്കിൽ ഇത്തരത്തിലുള്ള ഏതെല്ലാം വിത്തിനങ്ങൾ ഉല്പാദിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്? | ബി) നെല്ല്, തക്കാളി, വഴുതന, മുളക്, വെണ്ട തുടങ്ങിയ വിളകളുടെ വിത്തിനങ്ങൾ ഇപ്പോൾ തന്നെ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഏതാനും വിത്തുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| വിള | ഇനം | പ്രതിരോധശേഷി |
|---|---|---|
| നെല്ല് | ഭദ്ര | മുഞ്ഞ |
| | ആശ | പോളരോഗം, തണ്ടുതുരപ്പൻ |
| | പവിഴം | മുഞ്ഞ, പോളരോഗം |
| | അരുണ | തണ്ടുതുരപ്പൻ, ഗാൾമിഡ്ജ് |
| | കനകം | ബ്ലാസ്റ്റ് |
| | പവിത്ര | മുഞ്ഞ |
| | പഞ്ചമി | മുഞ്ഞ |
| | രമണിക | മുഞ്ഞ |
| | ഉമ | മുഞ്ഞ |
| | രേവതി | ഗാൾമിഡ്ജ് |
| | ഗൗരി | മുഞ്ഞ, ഇലചുരുട്ടിപ്പുഴു, ഗാൾമിഡ്ജ്, പോളചീയൽ |
| തക്കാളി | ശക്തി | ബാക്ടീരിയൽ വാട്ടം |
| | മുക്തി | ,, |
| | അനഘ | ,, |
| | വെള്ളായണി വിജയ് | ,, |
| വഴുതിന | സൂര്യ, ശ്വേത, ഹരിത. | ബാക്ടീരിയൽ വാട്ടം |
| മുളക് | ഉജ്ജ്വല, അനുഗ്രഹ, വെള്ളായണി, അതുല്യ | ,, |
| വെണ്ട | അഞ്ജിത, മഞ്ജിമ, സുസ്ഥിര | മഞ്ഞളിപ്പ് രോഗം |

**പന്ത്രണ്ടാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 36

20.06.2007 -ൽ മറുപടിയ്ക്ക്

**നെൽകൃഷി വികസനവും പാഡി ബോർഡ് രൂപീകരണവും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.പി. മോഹനൻ<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. എം.കെ. പ്രേംനാഥ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) നെൽകൃഷി വികസനത്തിന് സർക്കാർ നടപ്പിലാക്കുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണ്; | എ) സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതികളായ സമഗ്ര നെൽകൃഷി വികസനം, വായ്പാ സഹായ പദ്ധതി എന്നിവ സംയോജിപ്പിച്ച് സംസ്ഥാന സർക്കാർ നെൽകൃഷി വികസനത്തിന് "കേരളശ്രീ" എന്ന നൂതന പദ്ധതി ആവിഷ്ക്കരിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) ഗുണനിലവാരമുള്ള വളം, വിത്ത്, കൃഷി ആയുധങ്ങൾ, കൊയ്ത്ത് യന്ത്രം, വായ്പ എന്നിവ യഥാസമയം കർഷകർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി) ഇപ്പോൾ തന്നെ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) 'പാഡി ബോർഡ്' രൂപീകരണത്തിന് നടപടി സ്വീകരിക്കുമോ? | സി) "പാഡി ബോർഡ്" രൂപീകരണത്തിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

## ഉത്തരം (എ) യുടെ അനുബന്ധം

1 ഭക്ഷ്യ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി നെൽകൃഷി മേഖലയിലെ കർഷകർക്ക് അധിക വരുമാനം ഉണ്ടാക്കുന്നതിനായി 5 കോടി രൂപയുടെ ധന സഹായം നൽകൽ.

2 നെൽകൃഷി വികസന ബോഡ് സ്ഥാപിക്കൽ.

3 കർഷക തൊഴിലാളികൾക്ക് യന്ത്രവൽക്കരണത്തിൽ നൈപുണ്യം കൈവരിക്കുവാൻ പരിശീലനവും കർഷക തൊഴിലാളി ഗ്രൂപ്പുകൾക്ക് ആധുനിക കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് ധനസഹായവും നൽകാൻ ഉദ്ദേശിക്കുന്നു.

4 ആലപ്പുഴ, പാടക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലെ നെൽ കർഷകർക്ക് കുറഞ്ഞ നിരക്കിൽ പലിശരഹിത വായ്പ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.

5 നെൽകൃഷി സംരക്ഷിക്കുന്നതിനായി ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലെ നെൽകൃഷി മേഖലയെ സംരക്ഷിത മേഖലയായി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ

4.

## ഉത്തരം (ബി) യുടെ അനുബന്ധം

കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിത്ത് ഗുണനിലവാര പരിശോധന ലബോറട്ടറികൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയ വിത്തുകൾ കൃഷിഭവനുകൾ, കൃഷി ഫാമുകൾ, സംസ്ഥാന വിത്തുവികസന അതോറിറ്റി എന്നിവ മുഖേന യഥാസമയം കർഷകർക്ക് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

വളങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് രാസ/ജൈവവള ഗുണനിലവാര ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന വളം വിൽപ്പനശാലകളിലെ രാസ/ജൈവ വളങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് മേൽപ്പറഞ്ഞ ലബോറട്ടറികളിൽ പരിശോധിച്ച് അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

കൃഷി ഉപകരണങ്ങളും കൊയ്ത്ത് യന്ത്രങ്ങളും കർഷകർക്ക് യഥാസമയം ലഭ്യമാക്കുന്നതിന്, പാടശേഖര സമിതി മുഖേന യന്ത്രങ്ങൾ വാങ്ങുന്നതിന് ധനസഹായം ലഭ്യമാക്കി വരുന്നു. കൂടാതെ കാർഷിക ആവശ്യത്തിന് വായ്പ ആവശ്യമുള്ള കർഷകർക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 37 — 20-06-2007-ന് വാങ്മൂലം മറുപടിയ്ക്ക്

പാസ്പോർട്ട് വെരിഫിക്കേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.ടി. അഹമ്മദ് അലി | ശ്രീ. കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) പാസ്പോർട്ട് വെരിഫിക്കേഷന് ഇപ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | എ) 1967-ലെ പാസ്പോർട്ട് ആക്ടിലെ വകുപ്പ് 6(2)-ൽ പറഞ്ഞിരിക്കുന്ന നിബന്ധനകളാണ് പാസ്പോർട്ട് വെരിഫിക്കേഷന്റെ മാനദണ്ഡങ്ങളായി സ്വീകരിച്ചിരിക്കുന്നത്. അവ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) സ്പെഷ്യൽ വെരിഫിക്കേഷൻ റിപ്പോർട്ടിന് സബ് ഇൻസ്പെക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ടോ ; | ബി) ഉണ്ട് |
| സി) പ്രസ്തുത അധികാരം സബ് ഇൻസ്പെക്ടർമാർ നടപ്പിലാക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത് ; | സി) മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല |
| ഡി) സബ് ഇൻസ്പെക്ടർമാർക്ക് സ്പെഷ്യൽ വെരിഫിക്കേഷൻ റിപ്പോർട്ട് നൽകാൻ വേണ്ട നിർദ്ദേശം നൽകുമോ ? | ഡി) ഇക്കാര്യം പരിശോധിച്ച് ആവശ്യമെങ്കിൽ നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1967-ലെ പാസ്പോർട്ട് ആക്ടിലെ വകുപ്പ് 6(2) പ്രകാരമുള്ള പാസ്പോർട്ട് വെരിഫിക്കേഷനുള്ള മാനദണ്ഡങ്ങൾ

1. പാസ്പോർട്ട് അപേക്ഷകൻ ഇന്ത്യൻ പൗരനായിരിക്കണം
2. അപേക്ഷകൻ വിദേശത്തുപോയി ഇന്ത്യയുടെ അഖണ്ഡതയ്ക്കും, ഐക്യത്തിനും വിരുദ്ധമായി പ്രവർത്തിക്കാത്തവൻ ആയിരിക്കണം.
3. അപേക്ഷകൻ ഇന്ത്യയുടെ സുരക്ഷിതത്വത്തെ അപകടപ്പെടുത്തുന്ന ആളാകാൻ പാടുള്ളതല്ല.
4. അപേക്ഷകൻ ഇന്ത്യയ്ക്ക് വെളിയിൽ പോയാൽ ഇന്ത്യയുമായി സൗഹൃദത്തിൽ കഴിയുന്ന രാജ്യങ്ങളുമായി പക്ഷപാതപരമായോ അഥവാ വിദേശരാജ്യങ്ങളുമായുള്ള സൗഹൃദത്തിന് കോട്ടം തട്ടുന്ന രീതിയിലോ പ്രവർത്തിക്കാൻ പാടില്ല.
5. അപേക്ഷകന് പാസ്പോർട്ട് അപേക്ഷയുടെ തീയതിയ്ക്കു മുൻപുള്ള 5 വർഷത്തെ കാലാവധിക്കുള്ളിൽ സ്വഭാവദൂഷ്യത്തിന് 2 വർഷത്തിൽ കുറയാത്ത ശിക്ഷ ഉണ്ടെങ്കിൽ പാസ്പോർട്ട് നിഷേധിക്കുന്നതാണ്.
6. ഏതെങ്കിലും കോടതിയിൽ കേസ് നിലവിലുള്ള അപേക്ഷകന് പാസ്പോർട്ട് അനുവദിക്കുന്നതല്ല.
7. കോടതിയിൽ ഹാജരാകുന്നതിന് അപേക്ഷകന്റെ പേരിൽ സമൻസോ, വാറണ്ടോ നിലവിൽ ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല.
8. അപേക്ഷകനെ ഇന്ത്യയ്ക്ക് പുറത്തുനിന്നും സർക്കാർ ചെലവിൽ തിരികെ കൊണ്ടുവന്ന വകയിൽ ചിലവായ തുക സർക്കാരിലേയ്ക്ക് മടക്കി അടയ്ക്കാത്ത അപേക്ഷകന് പാസ്പോർട്ട് അനുവദിക്കുന്നതല്ല.
9. കേന്ദ്ര സർക്കാരിന്റെ അഭിപ്രായത്തിൽ പാസ്പോർട്ട് അനുവദിക്കുന്നത് പൊതു താല്പര്യത്തിന് വിരുദ്ധമാണെങ്കിൽ പ്രസ്തുത അപേക്ഷകന് പാസ്പോർട്ട് അനുവദിക്കുന്നതല്ല.

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 38* | 20.6.2007 ൽ മറുപടിക്ക്

## ഹിൽഹൈവേ

**ചോദ്യം**
ശ്രീ. കെ. സി. ജോസഫ് :

**ഉത്തരം**
ഷെവ. ടി. യു. കുരുവിള
(ബഹു: മരാമത്ത് വകുപ്പ് മന്ത്രി)

(എ) ഹിൽഹൈവേയുടെ ജോലികൾ തുടർന്നു നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(എ) ഉദ്ദേശിക്കുന്നുണ്ട്. ഹിൽ ഹൈവേ സംസ്ഥാന പാതയായി അംഗീകരിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ അനുവദിക്കുന്ന തുകയ്ക്ക് ഉള്ളിൽ നിന്ന്കൊണ്ട് ഘട്ടംഘട്ടമായി പണികൾ ഏറ്റെടുക്കുന്നതാണ്.

(ബി) ഹിൽ ഹൈവേയ്ക്ക് വേണ്ടി 2007-08 ലെ ബജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട് ;

(ബി) തുകയൊന്നും വകയിരുത്തിയിട്ടില്ല.

(സി) ഹിൽ ഹൈവേ പ്രവൃത്തി തുടർന്നു നടത്തുന്നതിന് ഫണ്ട് സ്വരൂപിയ്ക്കുവാൻ എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

(സി) പ്രത്യേക പദ്ധതികളൊന്നും തൽക്കാലം ആവിഷ്ക്കരിച്ചിട്ടില്ല.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 39 — 20.06.2007-ൽ മറുപടിയ്ക്ക്

# വെറ്ററിനറി കോളേജിലെ ഗവേഷണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. സാജുപോൾ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെറ്ററിനറി കോളേജിൽ നടന്നുവരുന്ന ഗവേഷണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെറ്ററിനറി കോളേജിൽ കന്നുകാലികൾ, ആട്, മുയൽ, കോഴി, കാട, ടർക്കി, താറാവ്, പന്നി, ആനയും മറ്റു വന്യ ജീവികളും, ഓമന മൃഗങ്ങളും, പക്ഷികളും എന്നിവയുടെ ഉൽപ്പാദനം, പ്രത്യുല്പാദനം, മികച്ച ഇനങ്ങളെ ഉരുത്തിരിച്ചെടുക്കൽ, രോഗ നിർണ്ണയവും ചികിത്സയും, രോഗ-കീട നിയന്ത്രണ മാർഗ്ഗങ്ങൾ, വിവിധയിനം മാംസ ഉൽപ്പന്നങ്ങളുടെയും പാലുല്പന്നങ്ങളുടെയും ഉൽപ്പാദനം എന്നിവയിൽ ഗവേഷണങ്ങൾ നടന്നുവരുന്നു. |
| ബി) ഇവിടുത്തെ ഗവേഷണ ഫലങ്ങൾ സാധാരണക്കാരിൽ എത്തിക്കുവാനുള്ള സംവിധാനം എന്താണ്; | ബി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കൊക്കാലയിലും മണ്ണുത്തിയിലും ഉള്ള മൃഗാശുപത്രികൾ/ബീജദാന കേന്ദ്രങ്ങൾ, കർഷക സെമിനാറുകൾ, ക്യാമ്പുകൾ, ആമ്പുലേറ്ററി ക്ലിനിക്ക്, മൊബൈൽ അനിമൽ റീപ്രൊഡക്ഷൻ യൂണിറ്റ് എന്നിവ വഴി ഇവിടത്തെ ഗവേഷണ ഫലങ്ങൾ സാധാരണക്കാരിൽ എത്തിക്കുന്നു. |

| | |
|---|---|
| സി) ഇവിടെ മെച്ചപ്പെട്ട ഇനം കോഴി കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | സി) കേരള കാർഷിക സർവ്വകലാശാലയുടെ മണ്ണുത്തി വെറ്ററിനറി കോളേജിൽ കോഴി വളർത്തൽ ഉന്നത പഠനകേന്ദ്രം, സർവ്വകലാശാല കോഴി വളർത്തൽ കേന്ദ്രം, അഖിലേന്ത്യാ കോഴി വളർത്തൽ പ്രജനന കേന്ദ്രം എന്നിവ പ്രവർത്തിച്ചുവരുന്നു. കോഴി വളർത്തൽ ഉന്നത പഠന കേന്ദ്രത്തിലെ റിവോൾവിംഗ് ഫണ്ട് ഹാച്ചറിയിൽ നിന്നും മേൽത്തരം കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തി വരുന്നു. |
| ഡി) കോഴികളുടെ രോഗ പ്രതിരോധത്തിനായി ഇവിടെ പുതിയ ഔഷധങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ടോ; | ഡി) ഇല്ല. |
| ഇ) സഞ്ചരിക്കുന്ന കോഴി വളർത്തൽ യൂണിറ്റ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഇ) ഇപ്പോൾ പരിഗണനയിലില്ല. |

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 40

20.06.2007 -ൽ മറുപടിക്ക്

## ഇടുക്കി, ആലപ്പുഴ ജില്ലകൾക്ക് വിദർഭ മോഡൽ സഹായം

**ചോദ്യം**

ശ്രീ. സി.കെ. സദാശിവൻ
ശ്രീ. കെ.കെ. ജയചന്ദ്രൻ
ശ്രീ. എ.എം. ആരിഫ്
ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീ. സി.കെ.പി. പത്മനാഭൻ

എ) ഇടുക്കി, ആലപ്പുഴ ജില്ലകൾക്ക് 'വിദർഭ മോഡൽ' സഹായം ലഭിക്കുന്നതിനായി കാർഷിക മേഖലയുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് കേന്ദ്ര സർക്കാരിന് നൽകിയത്;

**മറുപടി**

ശ്രീ. മുല്ലക്കര രത്നാകരൻ
(കൃഷി വകുപ്പ് മന്ത്രി)

എ) ഇടുക്കി, ആലപ്പുഴ ജില്ലകൾക്ക് വിദർഭ മോഡൽ സഹായം ലഭിക്കുന്നതിന് 1153.37 കോടി രൂപയുടെ പദ്ധതിയാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചത്. ഇതിൽ 772.27 കോടി രൂപയുടെ കേന്ദ്ര സഹായമാണ് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടത്. ഇതിലെ ഘടക പദ്ധതികളും കേന്ദ്രത്തോട് ആവശ്യപ്പെട്ട തുകയും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള എക്സ്ഗ്രേഷ്യ സഹായം | - 0.94 കോടി രൂപ |
| 2 | പലിശ ഇളവ് | - 173.06 കോടി രൂപ |
| 3 | വൻകിട, ചെറുകിട ജലസേചനം | - 137.02 കോടി രൂപ |
| 4 | കാർഷിക വികസനം | - 115.29 കോടി രൂപ |
| 5 | നീർത്തട വികസനം | - 100.37 കോടി രൂപ |
| 6 | മഴവെള്ള സംഭരണം | - 2.53 കോടി രൂപ |
| 7 | കാർഷികോല്പന്നങ്ങളുടെ സംസ്കരണം | - 1.43 കോടി രൂപ |

| | | |
|---|---|---|
| 8 | മൃഗസംരക്ഷണ വികസനം | - 71.81 കോടി രൂപ |
| 9 | മത്സ്യ വികസനം | - 169.82 കോടി രൂപ |
| | ആകെ | - 772.27 കോടി രൂപ |

| | |
|---|---|
| ബി) കേന്ദ്ര സർക്കാർ ഈ ജില്ലകൾക്കായി അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; | ബി) കേന്ദ്ര സർക്കാർ ഈ ജില്ലകൾക്കായി പദ്ധതികളൊന്നും ഇപ്പോൾ വരെ അനുവദിച്ചിട്ടില്ല. |
| സി) ഓരോ ജില്ലയ്ക്കും എത്ര തുകയുടെ ആനുകൂല്യം ലഭിക്കും; | സി) ചോദ്യം ഉദിക്കുന്നില്ല. |
| ഡി) ഈ ജില്ലകളിലെ കർഷകർ ബാങ്കിൽ നിന്ന് എടുത്തിട്ടുള്ള ഹ്രസ്വകാല വായ്പകൾ ദീർഘകാല വായ്പകളാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | ഡി) നിർദ്ദേശം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 41. 20-06-07-ൽ മറുപടിക്ക്

## അനധികൃത മദ്യക്കടത്ത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം. മാണി<br>പ്രൊഫ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി.എഫ്. തോമസ് | | ശ്രീ. പി. കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | അന്യസംസ്ഥാനങ്ങളിൽ നിന്നും അനധികൃതമായി മദ്യം കൊണ്ടു വരുന്നതിനെതിരെ നടപടി സ്വീകരിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അനധികൃതമായി മദ്യം സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നത് സംബന്ധിച്ച് ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടു ണ്ടോ; | (ബി) | ഈ സർക്കാരിന്റെ കാലത്ത് പോലീസ് വകുപ്പ് 154 കേസുകളും എക്സൈസ് വകുപ്പ് 216 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ഏതെങ്കിലും കേസിൽ ശിക്ഷ വിധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെ ടുത്തുമോ? | (സി) | കേസുകൾ കോടതികളുടെ പരിഗ ണനയിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 42. 20-06-07-ൽ മറുപടിക്ക്

## വ്യാജ മദ്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴിക്കാടൻ | ശ്രീ. പി. കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ വ്യാപനം തടയുന്നതിനും വ്യാജ മദ്യ മാഫിയായെ അമർച്ച ചെയ്യുന്നതിനും കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്; | (എ) വ്യാജമദ്യത്തിന്റെ വ്യാപനം തടയുന്നതിനും വ്യാജമദ്യ മാഫിയയെ അമർച്ച ചെയ്യുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനം എക്സൈസ് ഇന്റലിജൻസുമായി ഏകോപിപ്പിച്ച് ശക്തമാക്കിയിട്ടുണ്ട്. പോലീസ് വകുപ്പുമായി ചേർന്ന് നിരന്തരം റെയിഡുകളും രാത്രികാല പെട്രോളിംഗ്, വാഹന പരിശോധന എന്നിവയും ശക്തമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പെട്രോളിംഗ് യൂണിറ്റും ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധനയും ശക്തിപ്പെടുത്തിയിട്ടുണ്ട്. |
| (ബി) വ്യാജമദ്യ കടത്തുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ നല്കുമോ; | (ബി) വ്യാജമദ്യക്കടത്തുമായി ബന്ധപ്പെട്ട് 3869 കേസുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തു. വ്യാജമദ്യകടത്തുമായി ബന്ധപ്പെട്ട് 185 കേസുകൾ പോലീസ് വകുപ്പും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) വ്യാജമദ്യ മാഫിയയെ ഫലപ്രദമായി അമർച്ച ചെയ്യുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | (സി) വ്യാജമദ്യ മാഫിയയെ അമർച്ച ചെയ്യുന്നതിന് 11 പുതിയ എക്സൈസ് റെയിഞ്ചുകളനുവദിക്കുകയും 278 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. പുതുതായി എക്സൈസ് വകുപ്പിന് 20 ജീപ്പുകൾ 30 മോട്ടോർ സൈക്കിളുകൾ എന്നിവയും അനുവദിക്കുകയുണ്ടായി. ചെക്ക് പോസ്റ്റുകളിൽ അധികമായി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഗുണ്ടാ-മാഫിയ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിനായി ദി കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ട് 2007 പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.43 — 20. 6.2007 ൽ മറുപടിയ്ക്ക്

## പോലീസ് ഉദ്യോഗസ്ഥരുടെ അഴിമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ.കെ. സി. കുഞ്ഞിരാമൻ<br>ശ്രീ.പി.ജയരാജൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദസഞ്ചാരവും<br>വകുപ്പു മന്ത്രി |
| (എ) പോലീസ് ഉദ്യോഗസ്ഥരുടെ അഴിമതി സംബന്ധിച്ച് സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ; | (എ)പോലീസ് ഉദ്യോഗസ്ഥരിൽ ചിലർ അഴിമതിക്കാരാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതു തടയുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) അഴിമതി തടയുന്നതിനു പോലീസ് വകുപ്പു മേധാവി, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എന്നീ സംവിധാനങ്ങൾ ശക്തമായി ഉപയോഗപ്പെടുത്തി ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) എത്ര പോലീസുകാർക്കെതിരെ ഇപ്പോൾ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടെന്ന് തസ്തികതിരിച്ച് വ്യക്തമാക്കുമോ; | (സി) പോലീസ് ഇൻസ്പെക്ടർ ജനറൽ - 2<br>പോലീസ് സൂപ്രണ്ട് - 1<br>ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് - 6<br>(ഇവരിൽ 2 പേർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തവരാണ്)<br>പോലീസ് സർക്കിൾ ഇൻസ്പെക്ടർ - 11<br>പോലീസ് സബ്ബ് ഇൻസ്പെക്ടർ - 7<br>ഹെഡ് കോൺസ്റ്റബിൾ - 5<br>പോലീസ് കോൺസ്റ്റബിൾ - 3<br>(ആകെ 35 ഉദ്യോഗസ്ഥർ) |
| (ഡി) അഴിമതിക്കാരായ പോലീസുദ്യോഗസ്ഥരെ പ്രത്യേകം നിരീക്ഷിക്കുന്നതിനും പോലീസുദ്യോഗസ്ഥരെക്കുറിച്ചുള്ള അഴിമതി ആരോപണങ്ങൾ പരിശോധിക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ? | (ഡി)അഴിമതിക്കാരായ എല്ലാ സർക്കാർ ഉദ്യോഗസ്ഥന്മാരുടേയും വിവരങ്ങൾ ശേഖരിക്കുവാനും അവരെ നിരീക്ഷണത്തിൽ വയ്ക്കുവാനും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ സംവിധാനം നിലവിലുണ്ട്.<br><br>പോലീസ് സേനയിൽ അഴിമതി പ്രവർത്തനങ്ങൾ തടയുന്നതിനായി കാര്യക്ഷമമായ പദ്ധതികൾ ആസൂത്രണംചെയ്തു നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി അഴിമതിക്കാരെന്നു ആരോപിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർ |

ക്കെതിരെയുള്ള പരാതികളിന്മേൽ അന്വേഷണം നടത്തി വേണ്ട നടപടികൾ സ്വീകരിക്കുന്നതിനു പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (ഹെഡ്ക്വാർട്ടേഴ്സ്) ഡിപ്പാർട്ടുമെന്റ് വിജിലൻസ് ഓഫീസറായി പ്രവർത്തിച്ചു വരുന്നു.

പൊതുജനബോധവത്കരണം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഡിപ്പാർട്ടുമെന്റ് വിജിലൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലകളിലേയും സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പിമാരെ വിജിലൻസ് ഓഫീസർമാരായി നിയമിച്ചുകൊണ്ടു കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നു.

പൊതുജനങ്ങൾക്കിടയിൽ അഴിമതി വിരുദ്ധ ബോധവൽക്കരണം നടത്തുന്നതിലേക്കായി, പോലീസ് ഉദ്യോഗസ്ഥർ പോലീസ് സേവനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും പണമോ പാരിതോഷികമോ ആവശ്യപ്പെടുന്നതും സ്വീകരിക്കുന്നതും കുറ്റകരമാണെന്നും ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ പ്രസ്തുത വിവരം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അറിയിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടും ബന്ധപ്പെട്ട വിജിലൻസ് ഉദ്യോഗസ്ഥരുടെ വിലാസവും ടെലഫോൺ നമ്പരും സൂചിപ്പിക്കുന്ന വിവരങ്ങൾ പോലീസ് സ്റ്റേഷൻ തുടങ്ങി മറ്റു എല്ലാ പോലീസ് വകുപ്പു ഓഫീസുകളിലും പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 44 — 20.06.2007-ൽ മറുപടിക്ക്

## ബാലവേല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ബാലവേല നിരോധനം ലംഘിച്ച് എത്ര കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ട്; | (എ) പരിശോധനകളിൽ 1986 -ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമത്തിലെയും 1993 - ലെ ബാലവേല (നിരോധനവും നിയന്ത്രണവും) ചട്ടങ്ങളിലെയും വ്യവസ്ഥകൾ 47 സ്ഥാപനങ്ങളിൽ ലംഘിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) നിയമം ലംഘിച്ച തൊഴിലുടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ എന്തെല്ലാം നടപടികൾ ആർക്കൊക്കെ എതിരെയാണ് സ്വീകരിച്ചത്; | (സി) പരിശോധനകളിൽ ശ്രദ്ധയിൽപ്പെട്ട വീഴ്ചകൾ പരിഹരിക്കുന്നതിന് 1986 ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകളനുസരിച്ച് നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 34 സ്ഥാപനയുടമകൾ അവർ വരുത്തിയ വീഴ്ചകൾ പരിഹരിക്കുകയും തുടർപരിശോധന നടത്തിയപ്പോൾ അവ ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |

എന്നാൽ വീഴ്ചകൾ പരിഹരിക്കുന്നതിന് നൽകിയ നിർദ്ദേശവും കാരണം കാണിക്കൽ നോട്ടീസും അവഗണിച്ച 13 സ്ഥാപന ഉടമകൾക്കെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1) യു.എം.ബാവ, നവോദയ മെറ്റൽ ക്രഷർ, സൗത്ത് വാഴക്കുളം, പെരുമ്പാവൂർ.

2) ടി.എസ്. താഹ, സ്റ്റോൺ ക്രഷർ, മാറമ്പിള്ളി.പി.ഒ., ആലുവ.

3) യു.എം. ബാവക്കുട്ടി, ബെനില ഗ്രാനൈറ്റ്സ്, വെങ്ങോല.

4) സെന്റ് ആന്റണീസ് ക്ലേ വർക്ക്സ്, ശ്രീമൂലനഗരം.

5) ജോളി തോമസ്, ഇഷ്ടികക്കളം, കാഞ്ഞൂർ.പി.ഒ., എറണാകുളം.

6) പി.എസ്.ഷെരീഫ്, ഇഷ്ടികക്കളം, കാഞ്ഞൂർ.പി.ഒ., എറണാകുളം.

7) പി.എ.അബ്ദുൽഖാദർ, ബ്രിക്ക്ഫീൽഡ്, വലിയപറമ്പ്പാടം, എളൂക്കര, എറണാകുളം.

8) അബ്ദുൽ അസീസ്, നാഷണൽ ഗ്രാനൈറ്റ്സ്, മുപ്പത്തടം, എറണാകുളം.

9) റീജൻസി ഫാസ്റ്റ് ഫുഡ്, തേവര, കൊച്ചി- 15.

10) ദാസ് ഇൻഡസ്ട്രീസ്, ദേശം, ആലുവ.

11) ജെ.കെ. ശിവൻ, ഇഷ്ടികകളം, തൊലിൻ വീട്, അടുവാശ്ശേരി (പി.ഒ), ആലുവ.

12) സോനത്ത് ബ്രിക്സ്ബോഴ്സ് ലിമിറ്റഡ്, കൊച്ചി - 32.

13) എം. കെ. മക്കാർ, സാഗർ അഗ്രഗേറ്റ്സ്, ഐ. സി. എ, എരുമത്തല പി. ഒ., ആലുവ.

| | | |
|---|---|---|
| (ഡി) ഏതെല്ലാം ജില്ലകളിലാണ് ബാലവേല നടത്തുന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുള്ളത്; (ഇ) എല്ലാ ജില്ലകളിലേയ്ക്കും ഇത് വ്യാപിപ്പിക്കാൻ നടപടിയെടുക്കുമോ? | (ഡി) + (ഇ) | പതിനാല് ജില്ലകളിലും ബാലവേല നടത്തുന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. |

lallapaile

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :45

20-6-2007-ൽ മറുപടിക്ക്

പുതിയ ടൂറിസം പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സാജു പോൾ<br>" വി.ശശികുമാർ<br>" സി.എച്ച്.കുഞ്ഞമ്പു<br>" ബി.ഡി.ദേവസ്സി<br>" അൽഫോൺസ് കണ്ണന്താനം | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി). |
| (എ) ടൂറിസം രംഗത്ത് ഈ സർക്കാർ ആവിഷ്കരിച്ച പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) ടൂറിസം രംഗത്ത് ഈ സർക്കാർ നൂതനങ്ങളും, തദ്ദേശവാസികൾക്ക് നേരിട്ട് ടൂറിസം വ്യവസായത്തിന്റെ ഗുണഫലങ്ങൾ ലഭിക്കത്തക്കതുമായ ധാരാളം പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. 'എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം', ഫാം ടൂറിസം, ടൂറിസം സുവനീർ, ഹോം സ്റ്റേ ക്ലാസിഫിക്കേഷൻ എന്നിവ ഇവയിൽ പ്രധാനപ്പെട്ടവയാണ്. ടൂറിസം വകുപ്പിൽ സംരംഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകി സഹായിക്കുന്നതിന് ടൂറിസം ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ സെൽ പ്രവർത്തനമാരംഭിച്ചു. കൂടാതെ ധാരാളം പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിന് തുടക്കം കുറിച്ചു. കോഴിക്കോട് സരോവരം പദ്ധതി തുടങ്ങി. ചെന്നൈയിൽ കേരള |

ഹൗസിന്റെ നിർമ്മാണം ആരംഭിച്ചു. കോഴിക്കോട് ഇന്റർ നാഷണൽ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സീറോ വേസ്റ്റ് പദ്ധതി അനുവദിച്ചു. മലബാറിന്റെ വികസനത്തിന് പ്രത്യേക ശ്രദ്ധ നൽകി. കേന്ദ്രത്തിൽ നിന്ന് 40 കോടി രൂപയുടെ പദ്ധതികൾ അനുവദിപ്പിച്ചു. പിൽഗ്രിം ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി വിവിധ തീർത്ഥാടന കേന്ദ്രങ്ങളിൽ തീർത്ഥാടകർക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചു. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളെ ടൂറിസം വകുപ്പിന്റെ കീഴിലാക്കി നിലവാരമുയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. വർഷം മുഴുവനും നീണ്ടു നിൽക്കുന്ന സാംസ്കാരിക പരിപാടികൾക്ക് സാംസ്കാരിക വകുപ്പുമായി ചേർന്ന് തുടക്കം കുറിച്ചു. ടൂറിസം രംഗത്ത് ആവശ്യമുള്ള മാനവശേഷി വികസിപ്പിക്കുന്നതിന് തീവ്രമായ പരിശീലന പരിപാടികൾക്ക് തുടക്കം കുറിച്ചു. ടൂറിസം രംഗത്ത് മുതൽ മുടക്കുന്നവരെ സഹായിക്കുന്നതിനും, സംയുക്ത മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ആന്റ് ഫിനാൻസ്

കമ്പനിക്ക് രൂപം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ടൂറിസം കേന്ദ്രങ്ങളുടെ നടത്തിപ്പിനും പരിപാലനത്തിനും നേതൃത്വം നൽകുന്നതിനായി എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഡസ്റ്റിനേഷൻ മാനേജ്മെൻറ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് തുടക്കം കുറിച്ചു. ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കുന്നതിൻെറ ഭാഗമായി കോവളം, തേക്കടി, കുമരകം, വയനാട്, എന്നീ സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ ടൂറിസ്റ്റു കേന്ദ്രങ്ങളുടെ വികസനത്തിനായി അനുവദിച്ച പദ്ധതികളുടെ വിശദ വിവരം അനുബന്ധം 1-ആയി ഉള്ളടക്കം ചെയ്യുന്നു.

(ബി) ഇതിൻെറ ഫലമായി കൂടുതൽ ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഉണ്ട്. 2005 വർഷത്തെക്കാൾ 23.68% വളർച്ച വിദേശ ടൂറിസ്റ്റുകളുടെ വരവിൽ നേടി. 2006 ൽ 428534 വിദേശ ടൂറിസ്റ്റുകളാണ് കേരളം സന്ദർശിച്ചത്. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 5.47% വളർച്ചയാണ് നേടിയത്. 2006 ൽ 6271724 ആഭ്യന്തര ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചു.

(സി) പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ടൂറിസം പദ്ധതികൾ ഏതെല്ലാമാണ്;

(സി) തദ്ദേശ വാസികൾക്ക് നേരിട്ട് ടൂറിസത്തിന്റെ ഗുണഫലങ്ങൾ ലഭിക്കുന്നതിന് കേരളത്തിന്റെ പരമ്പരാഗത വ്യവസായവും, കൃഷിയും, സംസ്കാരവും ബന്ധിപ്പിച്ച് പദ്ധതികൾ പുതുതായി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിന് വകുപ്പ് മുൻഗണന നൽകുന്നതാണ്. പദ്ധതികളുടെ പൂർണ്ണ രൂപം തയ്യാറാക്കി വരുന്നതേയുള്ളുവെങ്കിലും ആലോചിക്കുന്ന പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം 2 -ആയി ഉള്ളടക്കം ചെയ്യുന്നു.

(ഡി) ഇതുമായി ബന്ധപ്പെട്ട് ടൂറിസം രംഗത്ത് പ്രവർത്തിക്കാൻ താല്പര്യമുള്ളവർക്ക് പ്രത്യേക പരിശീലനം നൽകാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(ഡി) ഉണ്ട്. ടൂറിസം രംഗത്ത് പ്രവർത്തിക്കാൻ താൽപര്യമുള്ളവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് വിപുലമായ പദ്ധതികളാണ് ടൂറിസം വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നത്. ട്രാവൽ ടൂറിസം രംഗത്ത് ഇപ്പോൾ പ്രവർത്തിച്ചു വരുന്നവരുടെ ഗുണമേന്മ ഉയർത്തുന്നതിനായി ഹോട്ടൽ, ടൂർ ഓപ്പറേറ്റർമാർ, ടൂറിസ്റ്റ് ട്രാൻസ്പോർട്ട് ഓപ്പറേറ്റർമാർ, തുടങ്ങിയവയുമായി സഹകരിച്ച് ടൂറിസ്റ്റുകളുമായി നേരിട്ടു ബന്ധപ്പെടേണ്ടിവരുന്ന എല്ലാ വിഭാഗങ്ങൾക്കും പരിശീലനം നൽകുന്നതിനായി വിപുലമായ പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. ജൂലൈ - ആഗസ്റ്റ്

മാസങ്ങളിൽ സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ ഇപ്പോഴുള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് ഇതിനായി പരിശീലന പരിപാടികൾ നടത്തുന്നതാണ്. കിറ്റ്സ് - ന്റെ ആഭിമുഖ്യത്തിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും, സ്ഥിരമായി ടൂറിസം സംരംഭകർക്കും, ടൂറിസം സംരംഭകരാകാൻ ഉദ്ദേശിക്കുന്നവർക്കും പരിശീലന പദ്ധതികൾ ആരംഭിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. ടൂറിസം വ്യവസായത്തെ സഹായിക്കുന്നതിനും, ഗുണമേന്മ ഉയർത്തുന്നതിനും എയർഹോസ്റ്റസ് / കാബിൻ ക്രൂ പരിശീലനം, അഡ്വാൻസ് ഡിപ്ലോമ ഇൻ കളിനറി സയൻസ്, ഗൈഡ്ട്രെയിനിംഗ് തുടങ്ങിയ കോഴ്സുകളും ആരംഭിക്കുന്നതാണ്. വിശദമായ കുറിപ്പ് അനുബന്ധം - 3 ആയി ഉള്ളടക്കം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

Annexure . . — ]

## List of projects sanctioned during the Financial Year 2006-07

| Sl.No | Project Name | Total Cost |
|---|---|---|
| 1 | Refurnishing and Modernization of Kitchen of Guest House, Kovalam | 1028520 |
| 2 | Development of Comfort Stations at Museum and Zoo Campus | 2992000 |
| 3 | Improvements of Golf Course and Irrigation system at Kowdiyar in Thiruvananthapuram | 3700000 |
| 4 | Pilgrim Facilitation Centre at Sarkara Devi Temple | 3982000 |
| 5 | Renovation of Tourist Facilitation Centre at Directorate of Tourism- Park View, Tvpm | 2067000 |
| 6 | Construction of Retaining Wall at the new Artifical waterfall at Akkulam | 960000 |
| 7 | Development of Pilgrim Facilities at Aruvipuram Temple | 3320000 |
| 8 | Construction of Pilgrim Facilitation Centre at Janardhana Swamy Temple, Varkala | 3048000 |
| 9 | Construction of Pilgrim facilitation centre at Vellayani Devi Temple, Thiruvananthapuram | 3448000 |
| 10 | Renovation of Cha Cha Nehru Children's Park at Shanghumugham | 5000000 |
| 11 | Conservation of Guest House at Ponmudi | 5500000 |
| 12 | Construction of Compound wall and waste sorting yard at Kovalam | 600000 |
| 13 | Modernization and refurnishing of Kitchen at Government Guest House, Ponmudi | 662550 |
| 14 | Renovation of Yatri Nivas, Thiruvananthapuram | 5247000 |
| 15 | VELI-AAKKULAM, A zero waste tourism destination | 2500000 |
| 16 | Construction of Hanger at Asramam, Kollam | 1040625 |
| 17 | Engine Conservation of House Boats: OBM Engine to inboard Engine | 684000 |
| 18 | Supply of Furniture for Guest House, Kollam | 730523 |
| 19 | Construction of Bathing Ghat and Other Allied Faclities at Punalur | 4580100 |
| 20 | Renovation of Guest House, Kollam | 9600000 |
| 21 | Construction of toilet blocks in Kollam Corporation Limit | 3576000 |
| 22 | Semi deluxe boat for Kollam | 3300000 |
| 23 | Construction of Pilgrim facilitation centre at Ochira Temple | 3323000 |
| 24 | Additional Faclities at Pilgrim Centre, Vadasserikkara | 1437215 |
| 25 | Sabari Heritage Tourism project at Perunthenaruvi | 9712800 |
| 26 | Construction of Pilgrim Facilitation Centre at Chakkulathukavu Bhagavathi Temple | 3320000 |
| 27 | Construction of Pilgrim facilitation centre at Parumala Church | 3403000 |
| 28 | Upkeeping and Maintenance of the Beautification of Alappuzha Canal | 900000 |
| 29 | Upgradation / Addition of Toilets in Various Motels run by KTDC | 2660000 |
| 30 | Providing additional toilet facility at Motel Aram at Alappuzha | 650000 |
| 31 | Beautification of Alappuzha Changanassery Canal Phase III | 6932000 |
| 32 | Construction of Pilgrim Amenity Centre at Edathua Church | 4000000 |
| 33 | Construction of Pilgrim Facilities Centre at Ambalappuzha | 4071000 |
| 34 | Construction of Pilgrim Facilitation Centre at Chettikulangara Temple | 3000000 |
| 35 | Alappuzha Municipal Ground Landscaping | 4415548 |
| 36 | Cleaning and draining out of link canals entering into the town canals of Alappuzha | 7293634 |
| 37 | Interior and furnishing works for the existing house boat terminal at Punnamada | 5200000 |
| 38 | Improvements and landscaping work for the existing House Boat terminal at Punnamada | 5600000 |
| 39 | Boat Jety at Punnamada under Circuit Tourism – Revised Administrative Sanction | 4765028 |

| | | |
|---|---|---|
| 40 | Construction of Pilgrim facilitation centre at Vaikom Mahadeva Temple | 3049000 |
| 41 | Construction of Pilgrim facilitation centre at Manarcaud Church, Kottayam | 4077000 |
| 42 | Padayani gramam in kottayam | 2188125 |
| 43 | Tourist Facilitation Complex At Kodimatha, Kottayam | 1500000 |
| 44 | Development of Muncipal Beaches at Vaikom Phase I | 3775000 |
| 45 | KUMARAKOM, A zero waste tourism destination | 2440000 |
| 46 | Munnar Tourism Zone - Waste Management Project 2006-07 | 4611755 |
| 47 | Eco Tourism Programmes Marayoor | 3150000 |
| 48 | Eco Tourism Facilities at Idukki Reservoir & Kulamavu Area | 1365000 |
| 49 | Supply and providing under ground 11 KV UG cable to Lake Palace from Aranya Nivas | 6567000 |
| 50 | Construction of Amenity Centre at Kuilymala, Idukki | 750000 |
| 51 | Ecotourism at Rajamala During Neelakurinji Festival | 2800000 |
| 52 | THEKKADY, A zero waste tourism destination | 4175000 |
| 53 | Folklore Cultural Theatre at Kochi | 2300000 |
| 54 | Kadambrayar Tourism Project | 4268126 |
| 55 | Perumbavoor Tourism Circuit at Ernakulam | 5422860 |
| 56 | "Prakrithi Gramam", Ezhattumugham | 5325000 |
| 57 | Additional works at Bhoothathanketu | 1998000 |
| 58 | Construction of two lane road from Main road to Bolgatty | 9782000 |
| 59 | Upgrading infrastructure facilities at FCI Kalamassery | 3117000 |
| 60 | Development of Paravur And Chendamangalam Heritage Corridor | 2500000 |
| 61 | FORT KOCHI, A zero waste tourism destination | 4300000 |
| 62 | Beach Park at Munakkal, Kodungallor, Thrissur | 3853178 |
| 63 | Beautification of Peechi Dam (Phase - I), Thrissur | 9838400 |
| 64 | Development of Vazhani dam site | 5990625 |
| 65 | Development of Pilgrim Facilities at Kodungaloor, Thrissur | 4617000 |
| 66 | Construction of Pilgrim facilitation centre at Koodal Manickam Temple | 3473000 |
| 67 | Construction of Pilgrim facilitation centre at Aarattupuzha Temple | 3377000 |
| 68 | Purchase of furniture and equipments for Yatri Nivases at Kalady and Guruvayoor | 4791610 |
| 69 | Ecotourism programmes at Chimmony Wildlife Sanctuary – II Phase | 4000000 |
| 70 | Conservation works of Pallippuram fort | 2500000 |
| 71 | Pay & Use tolet at Kottakkunnu, Malappuram | 1286000 |
| 72 | Construction of Pilgrim Facilitation Centre at Thirunavaya Temple, Malappuram | 3040000 |
| 73 | Improvments of Vythiri - Pookode Lake Road | 4800000 |
| 74 | Improvments of Kunhome - Dayarom Angadi - Kunkichira Road | 3950000 |
| 75 | Hanging Bridge at Kuruva Island, Wayanad | 2000000 |
| 76 | Pay & Use toilets blocks in Menmutty Waterfall, Wayanad | 600000 |
| 77 | Eco tourism facilities at Wayanad | 6750000 |
| 78 | Renovation and Restoration of Rock Garden at Malampuzha, Palakkad | 4700000 |
| 79 | Mango Farm and Herbarium at Thiruvillwamala (Nadan Manthoppe) | 3000000 |
| 80 | Cultural Complex at Palakkad | 5700000 |
| 81 | Thusharagiri Eco-tourism Corridor Project in Kozhikode | 8538750 |
| 82 | Development of Sand banks at Vadakara in Kozhikode | 9400000 |
| 83 | Sarovaram - Beautification of Conoly Canal between Kalipoika and Karimpanapalam at Kozhikode - Phase | 9959000 |

| | | |
|---|---|---|
| | Beautification of Canoly Canal between Kalipoika and Karimpanapalam at Kozhikode - Phase I [B] | 9999761 |
| 85 | Ecotourism Programmes at Janakikad | 1670000 |
| 86 | KOZHIKODE BEACH, A zero waste tourism destination | 2550000 |
| 87 | Construction of Twelve Seated Toilet complex in Municipal Bus stand at Thellichery, Kannur | 2475000 |
| 88 | Development of Town Squares acting as Tourist Nodes - At Thalassery, Kannur | 5000000 |
| 89 | Pazhassi Gardens, Mattannur, Kannur | 9836000 |
| 90 | Development of Kallinappuram Beach at Telicherry in Kannur | 6615000 |
| 91 | Waterfront Development at Padannakara, Thalassery | 7042500 |
| 92 | Development of Payamkuttymala | 1500000 |
| 93 | Construction of Pilgrim facilitation Centre at Kottiyur Temple | 3388000 |
| 94 | Pazhassi Kudeeram (Memorial) at Manathavady in Wayanad – Revised Administrative Sanction | 6003954 |
| 95 | Renovation of New Block Guest House, Kannur | 2675000 |
| 96 | Development of Road leading to Kappimala- Manjappullu Paithalmala Road in Kannur D | 7100000 |
| 97 | Additional facilities at Aaralam Wild life Sanctuary | 3545000 |
| 98 | Modernization and refurnishing of kitchen at Government Guest House, Kannur | 1128251 |
| 99 | BRDC- Road connectivity to the resort. | 5691000 |
| 100 | Development of Valiyparamba Islands | 2030400 |
| 101 | Construction of Pilgrim Facilitation Centre at Ananthapuram Lake Temple, Kasaragod | 3951000 |
| 102 | Construction of Pilgrim Facilitation Centre at Malik Dinar Mosque, Kasaragod | 3215000 |
| 103 | BAKEL, A zero waste tourism destination | 2500000 |
| 104 | Clean Destination Campaign | 7318000 |
| 105 | Proposal for Innovative IT Projects | 5800000 |
| 106 | Formation of Tourism Clubs in Higher Secondary Schools and Colleges | 5530000 |
| 107 | Maintenance of Web Site for the Year 2006-07 | 1800000 |
| 108 | Participation in Domestic Fairs – 2006-07 | 4000000 |
| 109 | Conservation and Nourishment of Beaches of selected Tourism locations of Kerala | 2040000 |
| 110 | Sewage Treatment Plants for House Boats | 7850000 |
| 111 | Adding features to the Mobile accessible version of Kerala Tourism website and creation of virtual environment of tourist destinations of Malabar | 3432125 |
| 112 | Developing Department Information System | 1372800 |
| 113 | Confederation of Indian Industry | 600000 |
| 114 | International Fair on Film locales, Mumbai | 900000 |
| 115 | Upgradation / Addition of Toilets in Various Motels run by KTDC | 2660000 |
| 116 | Campaign in BBC world for Kerala Tourism | 1772225 |
| 117 | TV campaign in Euro News for Kerala Tourism | 6407333 |
| 118 | TV campaign in Discovery Channel for Kerala Tourism | 2837359 |
| 119 | TV Campaign is Sky News for Kerala Tourism | 3928400 |
| 120 | Campaign in CNN international for Kerala Tourism | 5828118 |
| 121 | Internet Campaign 2006-07 Phase I Releasing of Advertisements | 5000000 |
| 122 | T V Campaign in News for Kerala Tourism | 1200000 |
| 123 | Campaign in CNBC for Kerala Tourism | 1176836 |
| 124 | TV campaign in HBO for Kerala Tourism | 1696508 |

| | | |
|---|---|---|
| 125 | Campaign in Star news for Kerala Tourism | 1150613 |
| 126 | CNN IBN TV Campaign for Kerala Tourism | 1412877 |
| 127 | Campaign in NDTV for Kerala Tourism | 1999181 |
| 128 | Campaign Discovery Travel & Living for Kerala Tourism | 1683600 |
| 129 | Campaign in NDTV profit for Kerala Tourism | 1122400 |
| 130 | Purchase of furniture and equipments for Yatri Nivases at Kalady and Guruvayoor | 4191610 |
| 131 | Conduct of road shows at Mumbai, New Delhi, Ahamadabad | 7183360 |
| 132 | Proposal for developing additional version of www.keralatourism.org , creation of Virtual environments and documentation of festivals of Malabar | 4469600 |
| 133 | Proposal for impact and evaluation studies in tourism | 766000 |
| 134 | India International Boat Show (IIBS) 2006, Kochi | 6800000 |
| 135 | Kerala TravelMart-2006- Kochi | 3500000 |

Section Officer

ANNEXURE 3 - 2

[illegible]

**Projects / Schemes for 2007- 08**

| 1 | Name of Project | District | Source of Resource |
|---|---|---|---|
| 2 | Way Side facility, Manjeswaram (Renovations) | Kasargod | State |
| 3 | Town Square,Kuthuparamba | Kannur | State |
| 4 | Beeyam Kayal | Malappuram | State |
| 5 | Development of Mangalam Dam Master plan | Palakkad | State |
| 6 | Improvements to Kanjirappuzha Dam | Palakkad | State |
| 7 | Vadakkechira - 2 nd Phase | Thrissur | State |
| 8 | Triveni Sangamam | Ernakulam | State |
| 9 | Ilaveezhapoonchira | Kottayam | State |
| 10 | Cultural Centre at Kumarakom | Kottayam | State |
| 11 | Budget Accomodation at Munnar | Idukki | State |
| 12 | Additional G H at Munnar | Idukki | State |
| 13 | Sasthamkotta | Kollam | State |
| 14 | Astramam- Master plan | Kollam | State |
| 15 | Chirayainkeezhu,Back water. | Thiruvananthapuram | State |
| 16 | Halsyon Bungalow, Kovalam | Thiruvananthapuram | State |
| 17 | Park View Museum | Thiruvananthapuram | State |
| 18 | Bekal & Surrounding beaches | Kasargod | Tsunami |
| 19 | Meenkunnu Beach | Kannur | Tsunami |
| 20 | Payyambalam Beach | Kannur | Tsunami |
| 21 | Muzhuppilangad Beach | Kannur | Tsunami |
| 22 | Dharmadom Beach | Kannur | Tsunami |
| | | [illegible] | Tsunami |

| | | | |
|---|---|---|---|
| [illegible] | | | |
| Projects / Schemes for 2007- 08 | | | |
| 24 | Kozhikode Beach | Kozhikode | Tsunami |
| 25 | Padinjarekkara Beach | Malappuram | Tsunami |
| 26 | Mundakkal Beach | Thrissur | Tsunami |
| 27 | Nattika Beach | Thrissur | Tsunami |
| 28 | Cherai Beach | Ernakulam | Tsunami |
| 29 | Munambam Beach | Ernakulam | Tsunami |
| 30 | Alappuzha Beach & Surroundings | Alappuzha | Tsunami |
| 31 | Anthakaranazhi Beach Development | Alappuzha | Tsunami |
| 32 | Kollam Beach | Kollam | Tsunami |
| 33 | Vattakayal, Kollam. | Kollam | Tsunami |
| 34 | Varkala - Kappil | Thiruvananthapuram | Tsunami |
| 35 | Kovalam Beach | Thiruvananthapuram | Tsunami |
| 36 | Shanghumukhom- Veli | Thiruvananthapuram | Tsunami |
| 37 | Azheekkal Handloom Village | Kannur | Nabard |
| 38 | Tourism Road in Wayand | Wayanad | Nabard |
| 39 | Sugandhagiri Spice Village | Wayanad | Nabard |
| 40 | Subhiksha Rural Project | Kozhikode | Nabard |
| 41 | Aruvikkod Terracotta rural Project | Malappuram | Nabard |
| 42 | Thiruvillamala Rural Project | Thrissur | Nabard |
| 43 | Upper Kuttanad Rural Tourism Project | Kottayam | Nabard |
| 44 | Water Supply at Kumarakom | Kottayam | Nabard |
| 45 | Fishing Village, Aroor | Alappuzha | Nabard |
| 46 | Coir Village | Alappuzha | Nabard |
| 47 | Bell Metal Village,Mannar | Alappuzha | Nabard |
| 48 | Kuttanad Rural Village | Alappuzha | Nabard |

[illegible]

| | | | |
|---|---|---|---|
| Projects / Schemes for 2007- 08 | | | |
| 49 | Aranmula Cultural Village | Pathanamthitta | Nabard |
| 50 | Kadammanitta Rural Tourism | Pathanamthitta | Nabard |
| 51 | Cashew Village | Kollam | Nabard |
| 52 | Handloom Manchavilakom / Amboori | Thiruvananthapuram | Nabard |
| 53 | Infrastructure at Vizhinjam- Harbour land | Thiruvananthapuram | Nabard |
| 54 | Infrastructure at Tourism Destination Wayanad | Wayanad | Central |
| 55 | Sarovaram Phase II | Kozhikode | Central |
| 56 | Malampuzha Dam | Palakkad | Central |
| 57 | Musiris Heritage Project | Thrissur | Central |
| 58 | Kalamandalam | Thrissur | Central |
| 59 | Nila | Malappuram | Central |
| 60 | Developments at Idukki Dam | Idukki | Central |
| 61 | Canal Beautification - Link canals | Alappuzha | Central |
| 62 | Aroor Tourism Circuit | Alappuzha | Central |
| 63 | Growth Centres at Thiruvananthapuram, Ernakulam, KKD | | Central |
| 64 | Kuttichira Heritage City Centre | Kozhikode | Central |
| 65 | Akkulam | Thiruvananthapuram | JNNURM |
| 66 | Karamana | Thiruvananthapuram | JNNURM |
| 67 | Parvathy- Puthanar | Thiruvananthapuram | JNNURM |

Section Officer

## അനുബന്ധം - 3

1. ഡിപ്ലോമ ഇൻ എയർപോർട്ട് ഹാൻഡ്ലിംഗ് - 6 മാസത്തെ കോഴ്സാണിത്. ഡിഗ്രിയാണ് അടിസ്ഥാന യോഗ്യത. 7500/- രൂപയാണ് കോഴ്സ് ഫീസ്.
2. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഗസ്റ്റ് റിലേഷൻസ് മാനേജ്മെന്റ് - 6 മാസത്തെ കോഴ്സാണിത്. +2വാണ് അടിസ്ഥാന യോഗ്യത. 7500/- രൂപയാണ് കോഴ്സ് ഫീസ്.
3. ഡിപ്ലോമ ഇൻ എയർലൈൻ ടിക്കറ്റിംഗ് & ട്രാവൽ ഏജൻസി മാനേജ്മെന്റ് - 6 മാസത്തെ കോഴ്സാണിത്. 50% മാർക്കോടുകൂടിയ ഡിഗ്രിയാണ് അടിസ്ഥാന യോഗ്യത. 8000/- രൂപയാണ് കോഴ്സ് ഫീസ്.
4. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ടൂർ ഗൈഡിംഗ് - 3 മാസത്തെ കോഴ്സാണിത്. 10-ാം ക്ലാസ് പാസ്സായിരിക്കണം. 6000/- രൂപയാണ് കോഴ്സ് ഫീസ്.

കിറ്റ്സിന്റെ ആലപ്പുഴയിലും തലശ്ശേരിയിലും പ്രവർത്തിക്കുന്ന സ്റ്റഡി സെന്ററുകളിലും മേൽപ്പറഞ്ഞ ഹ്രസ്വകാല കോഴ്സുകൾ നടത്തി വരുന്നു.

ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നവർക്കായി വിപുലമായ ഒരു പരിശീലന പദ്ധതി കിറ്റ്സ് IHMCT, TRKL എന്നിവരുമായി സഹകരിച്ച് നടത്താനുള്ള ചർച്ചകൾ നടന്നു വരുന്നു.

മുകളിൽ പറഞ്ഞ കോഴ്സുകളല്ലാതെ മാനവശേഷി വികസനത്തിനായി ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ലൈഫ്ഗാർഡുകൾ, ടൂറിസ്റ്റ് പോലീസ്, ഹൗസ്ബോട്ട് ഓപ്പറേറ്റേഴ്സ്, ടൂറിസം ക്ലബ്ബുകളിലെ ടീച്ചർ കോ-ഓർഡിനേറ്റർമാർ, സ്റ്റുഡന്റ്സ് കോ-ഓർഡിനേറ്റർമാർ തുടങ്ങിയവർക്കായി ഒട്ടനവധി പരിശീലന പദ്ധതികളും പ്രവർത്തനങ്ങളും ടൂറിസം വകുപ്പുമായി സഹകരിച്ച് കിറ്റ്സ് നടത്തുന്നുണ്ട്.

Section Officer

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 46 — 20-6-2007 - ൽ മറുപടിയ്ക്ക്

## കാർഷിക കടാശ്വാസ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. സി. കെ. പി. പത്മനാഭൻ<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സർക്കാർ ആവിഷ്ക്കരിച്ച കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | എ) കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ബി) കമ്മീഷൻ ഇതിനകം എന്തെല്ലാം ശുപാർശകളാണ് സർക്കാരിന് നൽകിയിട്ടുള്ളത്; | ബി) ശുപാർശകൾ സർക്കാരിന് നൽകാൻ വേണ്ടിയുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചു വരുന്നു. |
| സി) ഏതെല്ലാം ജില്ലകളും പ്രദേശങ്ങളുമാണ് ദുരിതബാധിതമായി പ്രഖ്യാപിക്കുന്നതിന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത്; | സി) ശുപാർശകളൊന്നും സർക്കാരിന് കിട്ടിയിട്ടില്ല. |
| ഡി) കമ്മീഷന് ഇതിനകം വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | ഡി) കമ്മീഷൻ ഈ കണക്ക് തിട്ടപ്പെടുത്തി വരുന്നു. |
| ഇ) കർഷകർ ബാങ്കിൽ നിന്ന് എടുത്തിട്ടുള്ള കാർഷികേതര വായ്പകൾ കടാശ്വാസ കമ്മീഷൻ പരിഗണിക്കുമോ; ഇല്ലെങ്കിൽ ഇതിനായി സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ? | ഇ) കർഷകരുമായി കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളുടെ അടിസ്ഥാനത്തിൽ സർക്കാരിന് കമ്മീഷനിൽ നിന്ന് ലഭിക്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കും നടപടി സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ–47 — 20/6/2007-ൽ മറുപടിക്ക്

### പരോൾ ലഭിച്ചവർ നടത്തുന്ന കുറ്റകൃത്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:<br>ശ്രീ.എം.ഉമ്മർ:<br>ശ്രീ.പി.കെ.അബ്ദുറബ്ബ്: | ശ്രീ.കോടിയേരി ബാലകൃഷ്ണൻ:<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ). ക്രിമിനൽ കുറ്റങ്ങൾക്ക് ജയിൽ ശിക്ഷ അനുഭവിച്ചുവരുന്ന കുറ്റവാളികൾ പരോൾ ലഭിച്ചു പുറത്തുവന്നു വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ). ഇത്തരത്തിലുള്ള ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി). ഇത്തരം കുറ്റവാളികളുടെ രാഷ്ട്രീയ പാർട്ടി ബന്ധം വ്യക്തമാക്കുമോ; | (ബി). തടവുകാരുടെ രാഷ്ട്രീയപാർട്ടി ബന്ധം ജയിൽ രേഖകളിൽ രേഖപ്പെടുത്താറില്ല. |
| (സി). ഇത്തരം ആളുകൾക്ക് പരോൾ അനുവദിക്കുന്നതിനുള്ള നിയന്ത്രണം കർശനമാക്കുമോ? | (സി). പരോളിൽ ഇറങ്ങി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുറ്റവാളികൾക്കെതിരെ കേസ് എടുത്താൽ അത്തരം കേസുകളിൽ കോടതി തീർപ്പ് കല്പിക്കുകയോ ജാമ്യം അനുവദിക്കുകയോ ചെയ്താൽ മാത്രമേ പിന്നീട് പരോൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുകയുള്ളൂ. ഇത്തരം കുറ്റവാളികൾ പരോളിൽ ഇറങ്ങിയാൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് പോലീസ് അധികാരികൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിലും അത്തരം തടവുകാർക്ക് പരോൾ അനുവദിക്കാറില്ല. |

സെക്ഷൻ ഓഫീസർ.

**കേരള സർക്കാർ**

പന്ത്രണ്ടാം കേരള നിയമസഭ

5-ാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 48 | 20.6.2007 ൽ മറുപടിക്ക് |

**" ജനകീയ സമരങ്ങളുമായി ബന്ധപ്പെട്ട കേസുകൾ "**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ പി. സി. വിഷ്ണുനാഥ്<br>ശ്രീ. കെ. സി വേണുഗോപാൽ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി. |
| (എ) സംസ്ഥാനത്ത് നടക്കുന്ന ജനകീയ സമരങ്ങളുമായി ബന്ധപ്പെട്ട കേസുകൾ പ്രത്യേകമായി പരിഗണിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഇല്ല. |
| (ബി) ജനകീയ സമരങ്ങളുമായി ബന്ധപ്പെട്ട് പോലീസ് കേസ് എടുക്കുന്നതു സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് എന്തെങ്കിലും പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ ; | (ബി) ഇല്ല. |
| (സി) ജനകീയ സമരങ്ങളുടെ പേരിൽ പോലീസ് എടുത്തിട്ടുള്ള നിലവിലുള്ള കേസ്സുകൾ പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (സി) പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.49. 20.6.2007-ൽ മറുപടിയ്ക്ക്

**മാഫിയ സംഘങ്ങളെ അമർച്ചചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബുപോൾ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. എ.കെ.ചന്ദ്രൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും, വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വിവിധ തരത്തിലുള്ള മാഫിയ സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടി കൾ വ്യക്തമാക്കുമോ;<br>(ബി) സംസ്ഥാനത്ത് ഗുണ്ടാനിയമം നില വിൽ വന്നിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് നിലവിൽ വന്നിട്ടുള്ളത്; | (എ)&(ബി) സംസ്ഥാനത്ത് വിവിധ തരത്തിലുള്ള മാഫിയ സംഘങ്ങളെ അമർച്ച ചെയ്യുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ആന്റി സോഷ്യൽ ആക്റ്റിവിറ്റീസ് (പ്രിവൻഷൻ) ഓർഡിനൻസ്- 2007, 13-12-2006 മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. |
| (സി) ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ള വിഭാഗങ്ങൾ ഏതെല്ലാം; | (സി) ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിയമ വിരുദ്ധ വിഭാഗങ്ങൾ താഴെ പറയുന്നു.<br>വ്യാജമദ്യ വിപണനത്തിൽ ഏർപ്പെടുന്നവർ, കള്ളനോട്ടു സംബന്ധമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർ, പരിസ്ഥിതി നശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ, ഡിജിറ്റൽ ഡേറ്റയും പകർപ്പവകാശവും ലംഘിക്കുന്നവർ, മയക്കുമരുന്നു സംബന്ധിച്ച കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർ, ഹവാല ഇടപാടുകളിൽ ഏർപ്പെടുന്നവർ, വാടക ഗുണ്ടകൾ, സദാചാര വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ, കൊള്ള പലിശക്കാർ, വസ്തു വകകൾ കവർച്ച ചെയ്യുന്നവർ. |
| (ഡി) ഈ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടി കൾ വിശദമാക്കുമോ? | (ഡി) മേൽപ്പറഞ്ഞ ഓർഡിനൻസ് നടപ്പിലാക്കുന്നതിലേക്കായി മുൻ ഹൈക്കോടതി ജഡ്ജി ശ്രീ. കെ.കെ. |

ദിനേശൻ ചെയർമാനായും ശ്രീ.എം.എ. നിസാർ, ശ്രീ. എൻ.മോഹൻദാസ് എന്നിവർ അംഗങ്ങളായുമുള്ള ഒരു അഡ്വൈസറി ബോർഡ് സർക്കാർ വിജ്ഞാപനം നം. 38284/SSA4/2006/Home Dated 9.3.07 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഈ ഓർഡിനൻസ് പ്രകാരം "ഡിറ്റൻഷൻ ഓർഡർ" പുറപ്പെടുവിക്കുന്നതിനുള്ള അധികാരികളായി ബന്ധപ്പെട്ട ജില്ലാ മജിസ്ട്രേട്ടുമാരെ അധികാരപ്പെടുത്തിക്കൊണ്ടു എസ്.ആർ.ഒ. നം.363/07 പ്രകാരം സർക്കാർ ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം തടങ്കലിലാക്കപ്പെടുന്നവരെ പാർപ്പിക്കുന്നതിനായി സംസ്ഥാനത്തെ സെൻട്രൽ ജയിലുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇക്കാര്യത്തിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം എന്നി ജില്ലകൾക്കു വേണ്ടി തിരുവനന്തപുരം സെൻട്രൽ ജയിലും; എറണാകുളം, ഇടുക്കി, തൃശ്ശൂർ. പാലക്കാട്, മലപ്പുറം എന്നി ജില്ലകൾക്കുവേണ്ടി വിയ്യൂർ സെൻട്രൽ ജയിലും മറ്റു ജില്ലകൾക്കു വേണ്ടി കണ്ണൂർ സെൻട്രൽ ജയിലുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഈ നിയമ പ്രകാരം ഗുണ്ടാ പ്രവർത്തനങ്ങൾ കർശനമായി കൈകാര്യം ചെയ്യണമെന്നുള്ള നിർദ്ദേശം ജില്ലാ പോലിസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. ഇതിനകം തന്നെ ചില അറിയപ്പെടുന്ന ഗുണ്ട/റൗഡികൾക്കെതിരെ, ബന്ധപ്പെട്ട ജില്ലാ മജിസ്ട്രേട്ടുമാർ കരുതൽ തടങ്കൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.50 | 20.6.2007 ൽ മറുപടിയ്ക്ക്

# എൻഡോസൾഫാൻ എന്ന കീടനാശിനിയുടെ നിരോധനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീ.വി.എസ്.സുനിൽകുമാർ<br>ശ്രീ.പള്ളിപ്രം ബാലൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് എൻഡോസൾഫാൻ എന്ന കീടനാശിനി നിരോധിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് നിരോധിച്ചതെന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്.<br>25.8.2001 മുതൽ എൻഡോസൾഫാൻ കീടനാശിനിയുടെ ഉപയോഗം താൽക്കാലികമായും 12.8.2002 മുതൽ എൻഡോസൾഫാനും അതിന്റെ എല്ലാവിധ ചേരുവകളുടേയും ഉപയോഗം സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. |
| ബി) എൻഡോസൾഫാൻ സംസ്ഥാനത്ത് എത്തുന്നത് ഫലപ്രദമായി തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ വിശദമാക്കുമോ; | ബി) എൻഡോസൾഫാൻ സംസ്ഥാനത്ത് എത്തുന്നത് ഫലപ്രദമായി തടയുന്നതിന് കൃഷി വകുപ്പ് കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷി ഡയറക്ടറേറ്റിൽ നിന്നും എല്ലാ ജില്ലാ ഓഫീസുകളിലേയ്ക്കും വിൽപ്പനശാലകൾ കൃത്യമായി പരിശോധിച്ച് എൻഡോസൾഫാൻ വിൽക്കുന്നില്ല എന്ന് ഉറപ്പു വരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്), കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഓഫീസർ എന്നിവർ അടങ്ങുന്ന സംഘം അതിർത്തിപ്രദേശങ്ങൾ, കീടനാശിനി വിൽപ്പനശാലകൾ എന്നിവ പരിശോധിച്ച് എൻഡോസൾഫാൻ ഉപയോഗവും വിൽപ്പനയും തടയുകയും ചെയ്യുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും കീടനാശിനികൾ കൊണ്ട് വന്ന് ഉപയോഗിക്കുന്നതിനെതിരെ ശക്തമായ ബോധവൽക്കരണവും നിയന്ത്രണവും |

.2. നിരന്തരം നടത്തുന്നുണ്ട്. കൂടാതെ കീടനാശിനി വിൽപ്പനശാലകളിൽ സ്ഥിരമായ പരിശോധന, മരുന്നടിക്കാൻ പോകുന്ന വാഹനങ്ങൾ തടഞ്ഞുനിർത്തിയുള്ള പരിശോധന, ജില്ലകളിലെ എല്ലാ അതിർത്തി ചെക്ക്പോസ്റ്റുകളിലും എൻഡോസൾഫാൻ തടയുന്നതിന് കർശന പരിശോധന, പോലീസ് സഹായത്തോടെ ടിപ്പോകൾ, മാങ്ങ ഗോഡൗണുകൾ എന്നിവയിൽ റെയ്ഡ് മുതലായവ നടത്തുന്നുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എൻഡോസൾഫാനുമേലുള്ള നിയന്ത്രണം കർശനമായി നടപ്പാക്കാൻ എല്ലാ ജില്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഈ നിർദ്ദേശം ലംഘിക്കുന്നവർക്കെതിരെ ജലനിയമപ്രകാരവും വായു നിയമ പ്രകാരവും നടപടിയെടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം, എൻഡോസൾഫാൻ നിരോധന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി കൃഷി വകുപ്പ് ഡയറക്ടർ ചെയർമാനും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെയും, കേരള കാർഷിക സർവ്വകലാശാലയിലേയും സംസ്ഥാന ആരോഗ്യ വകുപ്പിലേയും മൂന്ന് വിദഗ്ദ്ധരടങ്ങിയ ഒരു ഉന്നതാധികാര സമിതിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

സി) തോട്ടമുടമകൾ ഇപ്പോഴും എൻഡോസൾഫാൻ ഉപയോഗിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ?

സി) ഇത്തരം പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം തോട്ടങ്ങളിൽ കൃഷി വകുപ്പ് പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 51 — 20-6-2007 - ൽ മറുപടിയ്ക്ക്

## വിദർഭ മോഡൽ പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സി. കുഞ്ഞിരാമൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീമതി. കെ. എസ്. സലീഖ<br>ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര സർക്കാർ പാലക്കാട്, കാസർഗോഡ്, വയനാട് ജില്ലകൾക്ക് അനുവദിച്ച വിദർഭ മോഡൽ പാക്കേജിൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | എ) കേന്ദ്ര സർക്കാർ പാലക്കാട്, കാസർഗോഡ്, വയനാട് ജില്ലകൾക്ക് അനുവദിച്ച വിദർഭ മോഡൽ പാക്കേജിൽ താഴെ പറയുന്ന പദ്ധതി കളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br>1. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായം<br>2. പലിശ എഴുതിത്തള്ളുന്നതിന്<br>3. ജലസേചനം<br>4. സീഡ് റീപ്ലെയ്സ്മെന്റ്<br>5. നീർത്തട വികസനം<br>6. മൈക്രോ ഇറിഗേഷൻ<br>7. ഹോർട്ടികൾച്ചർ വികസനം<br>8. എക്സ്റ്റൻഷൻ സർവ്വീസ്<br>9. സബ്സിഡിയറി വരുമാനം |

| | | |
|---|---|---|
| ബി) | കാർഷിക മേഖലയുമായി ബന്ധപ്പെട്ട എന്തെല്ലാം പദ്ധതികൾ ഇതിനകം നടപ്പിലാക്കി; | ബി) കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. സീഡ് റീപ്ലെയ്സ്മെന്റ്<br>2. നീർത്തട വികസനം (ജനപങ്കാളിത്തത്തോടുകൂടിയ നീർത്തട വികസനം)<br>3. മൈക്രോ ഇറിഗേഷൻ<br>4. എക്സ്റ്റെൻഷൻ സർവ്വീസ് കൗൺസിലിംഗ് |
| സി) | കാർഷിക മേഖലയിൽ ഇവിടെ എത്ര കോടിരൂപയാണ് അനുവദിച്ചത്; അതിൽ എത്ര തുക ചെലവായി; | സി) വിവിധ പദ്ധതികൾക്കായനുവദിച്ച 765.24 കോടി രൂപയിൽ കൃഷി വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് 103.95 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മൂന്ന് വർഷക്കാലയളവിലായി പൂർത്തിയാക്കേണ്ടുന്ന ഈ പദ്ധതി പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ 35.73 ലക്ഷം രൂപ മൈക്രോ ഇറിഗേഷൻ പദ്ധതിക്ക് വേണ്ടി വിനിയോഗിച്ചു. സീഡ് റീപ്ലെയ്സ്മെന്റ് പദ്ധതിക്കായി 76.50 ലക്ഷം രൂപയുടെ നെൽവിത്ത് വിതരണം നടത്തി കഴിഞ്ഞു. 3000കർഷക കൗൺസിലിംഗിനായുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. നീർത്തട പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പലിശ എഴുതിതള്ളുന്നതിന് സംസ്ഥാന വിഹിതമായ 180 കോടി രൂപയിൽ 68.648 കോടി രൂപ സബാർഡിനും, 50 കോടി രൂപ റിസർവ്വ് ബാങ്കിനും നൽകിയതിൻ പ്രകാരം 118.648 കോടി രൂപ ചെലവ് ചെയ്തിട്ടുണ്ട് |

| | |
|---|---|
| ഡി) നാണ്യവിളകൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കാൻ പാക്കേജിൽ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ? | ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 52 — 20.06.2007 ൽ മറുപടിക്ക്.

## റസ്ക്യൂ ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. കെ. സുധാകരൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) നദികളിലും ജലാശയങ്ങളിലും അപകടം സംഭവിക്കുമ്പോൾ രക്ഷാപ്രവർത്തനത്തിനെത്തുന്ന ഫയർ ഫോഴ്സ് അംഗങ്ങൾക്ക് ധരിക്കുന്നതിന് സ്വിമ്മിംഗ് സ്യൂട്ട്, ഡക്ക് ബൂട്ട്, ബ്രീത്തിംഗ് അപ്പാരട്ടസ്, ടോർച്ച് എന്നിവ നൽകാറുണ്ടോ ;<br>(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;<br>(സി) ഈ ഉപകരണങ്ങൾ വേണ്ടത്ര വാങ്ങുവാൻ നടപടിയെടുക്കുമോ ? | ഇപ്പോൾ ഇവ ലഭ്യമല്ലാത്തതിനാൽ ഇവ വാങ്ങാൻ വേണ്ട നടപടി കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 53 — 20-06-2007-ൽ മറുപടിക്ക്

## കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. കെ. പുരുഷോത്തമൻ.<br>ശ്രീ. എം. ഹംസ,<br>ശ്രീമതി. ജെ. അരുന്ധതി,<br>ശ്രീമതി. കെ. എസ്. സലീഖ,<br>ശ്രീ. കെ.ടി. ജലീൽ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) എല്ലാ ജില്ലകളിലും ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; | എ) ഉണ്ട്. 'ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ' എന്ന പേരിൽ 2007 ഒക്ടോബർ 19 മുതൽ 2008 ജനുവരി 31-വരെ ഒരു വാർഷിക പരിപാടിയായി നടത്താൻ സർക്കാർ ഉത്തരവായിട്ടുണ്ട്. അഞ്ചു വർഷത്തിനുള്ളിൽ ഫെസ്റ്റിവൽ പൂർണ്ണതോതിലുള്ള ഒരു അന്താരാഷ്ട്ര മേളയാക്കി മാറ്റാനാണ് തീരുമാനം. കേരളത്തിന്റെ വാണിജ്യ വ്യവസായ മേഖലകളിലെ കുതിച്ചുചാട്ടമാണ് ലക്ഷ്യം. കേരളത്തെ ഒരു അന്താരാഷ്ട്ര വാണിജ്യ കേന്ദ്രമാക്കി മാറ്റുക എന്നതും ലക്ഷ്യമാണ്. ഫെസ്റ്റിവൽ കാലയളവിൽ വാണിജ്യകേന്ദ്രങ്ങളും കച്ചവട സ്ഥാപനങ്ങളും പ്രത്യേക കിഴിവുകൾ നൽകുക വഴി കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും. വിപണികേന്ദ്രങ്ങൾ, പരമ്പരാഗത വ്യവസായ കേന്ദ്രങ്ങൾ എന്നിവയ്ക്കെല്ലാം തന്നെ പ്രാധാന്യം നൽകുന്ന വിധത്തിലായിരിക്കും ഫെസ്റ്റിവൽ നടത്തുക. |
| ബി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്; | ബി) ടൂറിസം വകുപ്പാണ് പദ്ധതിയുടെ നോഡൽ ഏജൻസി. ഒരു സ്പെഷ്യൽ ഓഫീസറെ ഇതിനായി വകുപ്പിൽ പ്രത്യേകം നിയമിച്ചിട്ടുണ്ട്. ടൂറിസം, വ്യവസായം, സാംസ്കാരികം, ധനകാര്യം, എന്നീ വകുപ്പുകളുമായി സഹകരിച്ചാവും ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്തുക |

| | | | |
|---|---|---|---|
| | | | ഇതിനായി ഒരു അപ്പക്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പ് മന്ത്രി ചെയർമാനായും, ധനകാര്യവകുപ്പ് മന്ത്രി, വ്യവസായ വകുപ്പ് മന്ത്രി, തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി എന്നിവർ വൈസ് ചെയർമാൻമാരായും പ്രിൻസിപ്പൽ സെക്രട്ടറി ഇൻഡസ്ട്രീസ്, ജനറൽ കൺവീനറായും ടൂറിസം സെക്രട്ടറി ജോയിന്റ് കൺവീനറായും ആണ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. കൂടാതെ പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ്, പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശ സ്വയം ഭരണം, സെക്രട്ടറി (ടാക്സസ്), കോമേഴ്സ്യൽ ടാക്സസ് കമ്മീഷണർ, സാംസ്കാരിക വകുപ്പ് സെക്രട്ടറി, കുടുംബശ്രീ ഡയറക്ടർ എന്നിവരെയും കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ കളക്ടർമാരെയും കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) | ഇവിടെ പ്രദർശനത്തിനും വിൽപന യ്ക്കുമായി എന്തെല്ലാം ഉൽപന്ന ങ്ങളാണ് ലഭ്യമാക്കുവാൻ ഉദ്ദേശി ക്കുന്നത്; | സി) | കയർ, കശുവണ്ടി, സമുദ്രോൽപന്നങ്ങൾ, സുഗന്ധ ദ്രവ്യങ്ങൾ, ഹാന്റ്ലൂം, കരകൗശല ഉൽപന്നങ്ങൾ തുടങ്ങി വൻ വിലപിടിപ്പുള്ള കാറുകൾ വരെ ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ലഭ്യമാക്കും. |
| ഡി) | ഫെസ്റ്റിവലിലേയ്ക്ക് വിദേശികളെയും ആഭ്യന്തര ടൂറിസ്റ്റുകളെയും ആകർഷി ക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ഡി) | വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിലും വിദേശത്തും വിവിധ മാധ്യമങ്ങളിലൂടെ പരസ്യങ്ങൾ വഴിയും ബ്രോഷറുകൾ, സി.ഡി. മുതലായവ വഴിയും, റോഡ് ഷോകൾ വഴിയും പ്രചാരണം നടത്തി ടൂറിസ്റ്റുകളെ ഫെസ്റ്റിവലിലേയ്ക്ക് ആകർഷിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 54          20. 6. 2007 ൽ മറുപടിക്ക്

### കെ.എസ്.ടി.പി സ്കീമിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.ശിവദാസൻ നായർ : | ഷെവ. റ്റിയു. കുരുവിള.<br>(പൊതുമരാമത്തുവകുപ്പു മന്ത്രി) |
| (എ) കെ.എസ്.ടി.പി സ്കീമിൽ ഉൾപ്പെടുത്തി പണി ആരംഭിച്ച എം.സി റോഡ്, എ.സി റോഡ് എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ : | (എ) എം.സി റോഡിന്റെ തൈക്കോട് മുതൽ ചെങ്ങന്നൂർ വരെയും ആലപ്പുഴ ചങ്ങനാശ്ശേരി റോഡ്, തൈക്കോട് - കഴക്കൂട്ടം വരെയുള്ള 127 കി.മീ. റോഡ് കെ.എസ്.ടി.പി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ ജോലികൾ (അപ്ഗ്രഡേഷൻ) ചെയ്യുന്നതിലേക്കായി 215.5 കോടി രൂപയ്ക്ക് പതിബെൽ കമ്പനിയെ 2002 ഡിസംബറിൽ ഏൽപ്പിക്കുകയുണ്ടായി. ഇതിന്റെ കാലാവധി 36 മാസമായിരുന്നു. എന്നാൽ സ്ഥലം ഏറ്റെടുത്തു കൊടുക്കുന്നതിലുണ്ടായ കാലതാമസവും മറ്റും മൂലം പണി സമയത്ത് തീർന്നില്ല. രണ്ട് പ്രാവശ്യം കാലാവധി നീട്ടിക്കൊടുത്തുവെങ്കിലും 55% പണി മാത്രമാണ് തീർക്കാൻ സാധിച്ചത്. പണി സമയത്ത് തീർക്കാതിരുന്നതിനാൽ പിഴ ചുമത്താൻ തീരുമാനിക്കുകയും കരാർ തുക തടഞ്ഞു വെയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ കരാറുകാർ പണി നിർത്തുകയും Clause 69.1 പ്രകാരം കരാർ റദ്ദ് ചെയ്യുന്നതിനായി നോട്ടീസ് നൽകുകയും ഉണ്ടായി. തുടർന്ന് കാബിനറ്റ് സബ് കമ്മിറ്റി കരാറുകാരുമായി ചർച്ച നടത്തിയെങ്കിലും ഫലപ്രദമാകാത്തതിനെ തുടർന്ന് ബാക്കി പണികൾ റീ ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു. അതിൻ പ്രകാരം ബാക്കി പണികൾ മൂന്നായി വിഭജിച്ചു 20.3.2007-ാം തീയതി ദർഘാസുകൾ ക്ഷണിച്ചെങ്കിലും കരാറുകാർ ഉയർന്ന തുക ക്വാട്ട് ചെയ്തതിനാൽ 8.6.2007-ൽ കൂടിയ സ്റ്റീയറിംഗ് കമ്മറ്റി ടെണ്ടറുകൾ നിരാകരിക്കുകയും വീണ്ടും ദർഘാസുകൾ ക്ഷണിക്കാനും തീരുമാനിച്ചു. ഇക്കാര്യത്തിൽ സർക്കാർ വീണ്ടും പതിബെൽ കമ്പനിയുമായി പണി പുനരാരംഭിക്കുന്നതിനെ പറ്റി ചർച്ച നടത്തി വരുന്നു. |

(ബി) ഈ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തിയാക്കാനാണു ദ്ദേശിക്കുന്നത് :

(സി) സമയബന്ധിതമായി ഇവ പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു :

(ബി) & (സി) ഈ റോഡുകളുടെ ബാക്ക ജോലികൾ പുനരാരംഭിക്കുന്നതിന് സർക്കാ പതിബെൽ കമ്പനിയുമായി ചർച്ച നടത്തി വരുന്ന ചർച്ച ഫലപ്രദമായാൽ ഈ കമ്പനിക റോഡുകളുടെ ബാക്കി പണി നൽകുന്നതാണ അല്ലാത്ത പക്ഷം സ്റ്റിയറിംഗ് കമ്മിറ്റി തീരുമാന അനുസരിച്ച് റീ ടെണ്ടർ ചെയ്യുന്നതാണ്.

(ഡി) ഈ റോഡുകളുടെ പണി പൂർത്തിയാക്കുന്നതിന് കമ്പനി എന്തൊക്കെ നിബന്ധനകളാണ് മുന്നോട്ട് വച്ചിട്ടുള്ളത്; ഇതിന് എത്ര കോടി രൂപയുടെ അധിക ബാദ്ധ്യത വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

(ഡി) പണി തീർക്കുന്നതിന് കമ്പനി മുന്നോ വച്ചിട്ടുള്ള നിബന്ധനകൾ താഴെ പറയുന്നവയാണ്

- Clause 69.1 പ്രകാരമുള്ള നോട്ടീസ് ചർച്ചയു ഫലം അനുസരിച്ച് തീരുമാനിക്കുന്നതാ സർക്കാർ ഇതിനെതിരെ DRB യി നൽകിയിട്ടുള്ള പരാതി പിൻവലിക്കണം.
- ഇനി ചെയ്യാനുള്ള പണികൾക്ക് BoQ നിരക്കി മേൽ 30% വർദ്ധന അനുവദിക്കുക. ഈ നിരക വർദ്ധന 19.12.2006 മുതൽ പ്രാബല്യത്തി വരുത്തുക ഇതിനു പുറമേ കരാർ പ്രകാരമു എസ്കലേഷൻ നൽകേണ്ടതാണ്.
- മെഷിനറിയുടെയും സാങ്കേതിക വിദഗ്ദ്ധരുടെ റിമൊബിലൈസേഷൻ ചാർജ്ജായി 2 കോടി രു അടിയന്തിരമായി അനുവദിക്കുക.
- നൽകാനുള്ള കുടിശ്ശിക ബിൽ തുകയ 1,50,413,684/- ഉടനെ നൽകുക.
- കോൺട്രാക്ടർക്ക് ബാക്കി പണി ചെയ്യുമ്പോ നൽകുവാനുള്ള തുക കോൺട്രാക്ടർ നൽകുമെന്നുള്ളതിന് പ്രത്യേ കരാറുണ്ടാക്കുക. ഇത് ലോകബാങ്കിനെ അറിയിക്കുക.
- ഇനി മുതൽ മുഴുവൻ തുകയും ഇന്ത്യൻ രൂപയ നൽകുക
- പണി തീർക്കാനുള്ള സമയം 2006 ജൂൺ മു കോൺട്രാക്ടറുടെ പ്രോഗ്രാം അനുസര വേണ്ട സമയം വരെ നീട്ടി നൽകുക. ന നൽകുന്ന സമയത്തുണ്ടാകുന്ന നഷ് നികത്താനുള്ള അവകാശം നിലനിർത്തുക.
- കരാർ പ്രകാരമുള്ള അവകാശങ്ങളെ ത്യജിച്ചുകൊണ്ട് ഒരു എഗ്രിമെന്റും ഒപ്പിടുക അവകാശങ്ങൾ clause 67.1 അനുസ ആർബിട്രേഷൻ കൺസിലിയേഷൻ ആ അനുസരിച്ച് DRB. Arbitration ഇവ പോകാനുള്ള അവകാശം ത്യജിക്കുന്നതല്ല

- 21.3.2006-ൽ Finance Controller-ടെ കത്ത് പിൻവലിച്ചിരിക്കുന്നതായി DRB 12.6.06-ൽ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ LD കമ്പനിയിൽ നിന്ന് ഈടാക്കരുത്. കമ്പനി LD നൽകാൻ ബാദ്ധ്യസ്ഥരല്ല.
- ഡീസലിനുള്ള എക്സൈസ് ഡ്യൂട്ടി ഇളവ്, ചെയ്ത പണികൾക്കും ഇനി ചെയ്യാനുള്ള പണികൾക്കും അനുവദിക്കുക.
- ബാങ്ക് ഗ്യാരണ്ടി പണമാക്കാനുള്ള എല്ലാ നിർദ്ദേശവും പിൻവലിക്കുക.
- തിരിച്ചു നൽകാനുള്ള മൊബിലൈസേഷൻ അഡ്വാൻസ് ഇനി പണി ചെയ്തതിനു ശേഷം നൽകുന്ന ബില്ലുകളിൽ നിന്ന് പിടിക്കുക.
- 69.1 പ്രകാരം ടെർമിനേഷൻ നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും കരാർ ഇപ്പോഴും സാധുവാണ്. കരാർ സാധുവായതിനാൽ പ്രോജക്ടിനെ പറ്റിയുള്ള ചർച്ചകളും തീരുമാനങ്ങളും കരാർ വ്യവസ്ഥകൾ അനുസരിച്ച് തീരുമാനിക്കേണ്ടതാണ്.

പതിബെൽ മുന്നോട്ടുവച്ച നിബന്ധനകൾ അംഗീകരിച്ചാൽ പൂർത്തീകരിക്കാനുള്ള പണികൾക്ക് ഉദ്ദേശം 209 കോടി രൂപ വേണ്ടിവരും.

സെക്ഷൻ ഓഫീസർ

9860655

GOVERNMENT OF KE

## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 55

20.06.2007 ൽ മറുപടിക്ക്.

### പടക്കശാലകളിലെ അപകടങ്ങൾ ഒഴിവാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പടക്ക ശാലകളിൽ അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) എങ്കിൽ ഒഴിവാക്കുന്നതിനായി നടപടി സ്വീകരിക്കുമോ ; | (ബി) കോഴിക്കോട് സംഭവത്തിന്റെ വെളിച്ചത്തിൽ ഇത്തരം സംഭവങ്ങൾ ഒഴിവാക്കാൻ മുൻകരുതൽ നടപടി സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| (സി) സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യുന്നവർക്ക് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ; | (സി) സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനുള്ള ലൈസൻസിനായി അപേക്ഷ ലഭിച്ചാൽ അത് പോലീസ്/ഫയർ ഫോഴ്സ്/റവന്യൂ (തഹസിൽദാർ) എന്നിവർ മുഖാന്തിരം വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് വാങ്ങുകയും അപേക്ഷകന് ഏതെങ്കിലും തരത്തിലുള്ള ക്രിമിനൽ പശ്ചാത്തലം ഉണ്ടോയെന്നും നിയമാനുസൃത ചുറ്റളവിൽ തീപിടിക്കാൻ സാദ്ധ്യതയുള്ള എന്തെങ്കിലും സ്ഥാപനങ്ങൾ/ കെട്ടിടങ്ങൾ ഉണ്ടോയെന്നും, അപേക്ഷകൻ സമർപ്പിക്കുന്ന അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള കെട്ടിടത്തിൽ സ്ഫോടക-വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് അനുയോജ്യമാണോ എന്ന് പരിശോധിക്കുകയും, സ്ഥല പരിശോധനയും കഴിഞ്ഞു മാത്രമേ ലൈസൻസ് അനുവദിക്കാറുള്ളൂ. പടക്ക നിർമ്മാണത്തിനായി ലൈസൻസ് അനുവദിയ്ക്കുമ്പോൾ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് 25,000 രൂപയുടെ ഇൻഡംനിറ്റി ബോണ്ടും രജിസ്റ്റർ ചെയ്തശേഷമാണ് ലൈസൻസ് നൽകുന്നത്. |

| | |
|---|---|
| (ഡി) ലൈസൻസ് ലഭിച്ചിട്ടുള്ളവർ ഇത് പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ; | : (ഡി) സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യുവാൻ ലൈസൻസ് ലഭിച്ചിട്ടുള്ളവർ അതിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകൾ പോലീസ് ഓഫീസർമാർ നടത്തി വരുന്നുണ്ട്. വ്യവസ്ഥ ലംഘനങ്ങൾ കണ്ടെത്തിയാൽ സ്ഫോടക വസ്തുനിയമ പ്രകാരം ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് അത്തരക്കാർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നുണ്ട്. |
| (ഇ) നിരോധിച്ച രാസവസ്തുക്കൾ പടക്ക നിർമ്മാണത്തിന് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ ? | : (ഇ) നിരോധിക്കപ്പെട്ട രാസവസ്തുക്കൾ പടക്കനിർമ്മാണത്തിന് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം രാസവസ്തുക്കൾ പടക്ക നിർമ്മാണത്തിന് ഉപയോഗിക്കുന്നവർക്കെതിരെ സ്ഫോടക വസ്തു നിയമ പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 56* | 20.6.2007 ൽ മറുപടിക്ക്

## ആലപ്പുഴ നഗരത്തിൽ മുടങ്ങിക്കിടക്കുന്ന നിർമ്മാണ പ്രവർത്തികൾ

| ചോദ്യം<br>ശ്രീ. കെ. സി. വേണുഗോപാൽ : | ഉത്തരം<br>ഷെവ. ടി. യു. കുരുവിള<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| --- | --- |
| (എ) ആലപ്പുഴ നഗരത്തിലെ മുടങ്ങിക്കിടക്കുന്ന പൊതുമരാമത്തു പ്രവർത്തികൾ പുനരാരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) മുടങ്ങിക്കിടക്കുന്ന പ്രവർത്തികളുടെ എസ്റ്റിമേറ്റ് പുതുക്കിയ നിരക്കിൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഒൻപത് കോടി രൂപയോളം ചെലവു വരുന്ന പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ ; എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത് ; | (ബി) പരിശോധിച്ചിട്ടുണ്ട്. ചില പ്രവർത്തികൾ കരാറുകാർ ഏറ്റെടുക്കുവാൻ തയ്യാറാകാത്തതു കൊണ്ടും ഉയർന്ന നിരക്ക് ആവശ്യപ്പെട്ടതുകൊണ്ടും ഈ പ്രവർത്തികൾ പുതുക്കിയ നിരക്കിൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) ഈ പ്രവർത്തികൾ എത്രകാലമായി മുടങ്ങിക്കിടക്കുകയാണെന്ന് വ്യക്തമാക്കാമോ ? | (സി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ പ്രവർത്തികൾ 4 വർഷം ആയിട്ടും ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ആഫീസർ

GOVERNMENT OF K

# പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പര്‍. 57 — 20. 6. 2007 -ല്‍ മറുപടി പറയേണ്ടത്.

<u>റസ്റ്റ് ഹൗസുകളുടെയും ഐ.ബി. കളുടെയും നവീകരണം.</u>

| ചോദ്യം | ഉത്തരം. |
|---|---|
| ശ്രീ. ജോര്‍ജ്ജ് എം. തോമസ് :<br>ശ്രീ. ആനത്തലവട്ടം ആനന്ദന്‍:<br>ശ്രീ. സി. എം. ദിനേശ് മണി:<br>ശ്രീ. പി. വി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. എ. എം. ആരിഫ്: | ഷെവ. ടി. യു. കുരുവിള<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളും ഐ.ബികളും നവീകരിക്കുന്നതിനും സൗകര്യങ്ങള്‍ മെച്ചപ്പെടുത്തുന്നതിനുമായി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട് ഇതു സംബന്ധിച്ച് സമഗ്രമായ ഒരു പദ്ധതി സര്‍ക്കാരിന്റെ പരിഗണനയിലുണ്ട്. റസ്റ്റ് ഹൗസുകളും ഇന്‍സ്പെക്ഷന്‍ ബംഗ്ലാവുകളും യഥാസമയം അറ്റകുറ്റ പണികള്‍ നടത്തി വൃത്തിയായും ആകര്‍ഷകമായും സൂക്ഷിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഒരു കര്‍മ്മ പരിപാടി തയ്യാറാക്കി വരികയാണ്. |
| (ബി) ഇവയോടനുബന്ധിച്ചുള്ള തരിശായിക്കിടക്കുന്ന ഭൂമി ഫലപ്രദമായി വിനിയോഗിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;<br><br>(സി) ഇല്ലെങ്കില്‍ അതിനായി നടപടി സ്വീകരിക്കുമോ? | (ബി)യും (സി)യും<br><br>നയപരമായ കാര്യമായതിനാല്‍ കൂടുതല്‍ പരിശോധന ആവശ്യമാണ്. |

സെക്ഷന്‍ ഓഫീസര്‍

9/

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 58 — 20. 6. 2007 ൽ മറുപടിക്ക്

ദേശീയപാതകളുടെ വികസനത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ്ജ് മേഴ്സിയർ : | മോൻസ് ജോസഫ് ... ടി.യു. കുരുവിള (മരാമത്തുവകുപ്പു മന്ത്രി) |

(എ) ദേശീയപാതകളുടെ വികസനത്തിനായി കേന്ദ്ര സർക്കാർ പുതുതായി എന്തെല്ലാം വ്യവസ്ഥകളും മാനദണ്ഡങ്ങളുമാണ് നിശ്ചയിച്ചിട്ടുള്ളത്:

(എ) നാഷണൽ ഹൈവേ വികസന പദ്ധതി (രണ്ടും മൂന്നും ഘട്ടങ്ങൾ) ബി.ഒ.ടി അടിസ്ഥാനത്തിൽ നടപ്പിലാക്കുവാനാണ് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ബി.ഒ.ടി പദ്ധതി പ്രകാരം എൻ.എച്ച്.എ.ഐ യും കൺസഷണർ കമ്പനിയും സംസ്ഥാന സർക്കാരുമായി സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് ഒപ്പു വയ്ക്കേണ്ടതുണ്ട്. എൻ.എച്ച്.ഡി.പിയുടെ ബി.ഒ.ടി അടിസ്ഥാനത്തിലുള്ള പദ്ധതി നടത്തിപ്പിന് ആവശ്യമായ എല്ലാ സഹായങ്ങളും പിന്തുണയും സംസ്ഥാന സർക്കാർ നൽകണമെന്നതാണ് സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റിന്റെ ഉദ്ദേശം. ഇതനുസരിച്ച് 20 വർഷത്തേക്ക് റോഡ് നിർമ്മാണവും സംരക്ഷണവും ഉൾപ്പെടെയുള്ള ചുമതലകൾ കൺസഷണർ കമ്പനിക്കായിരിക്കും. കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള നിശ്ചിതമായ ടോൾ പിരിക്കുന്നതിന് കമ്പനിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ബി.ഒ.ടി കമ്പനിയുമായി നിർമ്മാണ കരാർ ഒപ്പിടുന്നത് എൻ.എച്ച്.എ.ഐ യാണ്. അതനുസരിച്ചുള്ള റോഡ് പണിക്ക് തടസ്സങ്ങൾ ഉണ്ടാകാതിരിക്കുക, വാഹന ഗതാഗതത്തിന് തടസ്സമുണ്ടാകുന്ന രീതിയിലുള്ള ബാരിയേഴ്സ് നിർമ്മിക്കാതിരിക്കുക, ഗതാഗത നിയന്ത്രണത്തിന് പോലീസിന്റെ സഹായം പേമെന്റ് അടിസ്ഥാനത്തിൽ ഏർപ്പെടുത്തുക, പ്രോജക്ട് ഹൈവേയ്ക്ക് ആവശ്യമായ സുരക്ഷ ഏർപ്പെടുത്തുക, വൈദ്യുതി, വെള്ളം, വാർത്താ വിനിമയ സൗകര്യങ്ങൾ എന്നിവ മറ്റ് വാണിജ്യ ഉപഭോക്താക്കൾക്ക് നൽകുന്ന അതേ നിരക്കിൽ നൽകുക തുടങ്ങിയവയാണ് സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് കൊണ്ട് ഉദ്ദേശിക്കുന്നത്. എട്ട് വർഷത്തിനുള്ളിൽ പ്രോജക്ട് ഹൈവേയ്ക്ക് സമാന്തരമായി മറ്റൊരു ടോൾ റോഡ് ബി.ഒ.ടി അടിസ്ഥാനത്തിലോ അല്ലാതെയോ നിർമ്മിക്കുവാൻ പാടില്ലെന്നും കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

| | |
|---|---|
| (ബി) ഈ മാനദണ്ഡങ്ങളും വ്യവസ്ഥകളും കേരളം അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല |
| (സി) കേന്ദ്രസർക്കാരിൽ നിന്നും സഹായം ലഭിക്കുവാൻ ഇവ അംഗീകരിക്കേണ്ടതുണ്ടോ; | (സി) ബി.ഒ.ടി. അടിസ്ഥാനത്തിലുള്ള കേന്ദ്രഗവൺമെന്റ് പദ്ധതികൾക്ക് ഇവ അംഗീകരിക്കേണ്ടതുണ്ട്. |
| (ഡി) മറ്റു സംസ്ഥാനങ്ങൾ ഇവ അംഗീകരിച്ചതായി അറിവുണ്ടോ; | (ഡി) അംഗീകരിച്ചിട്ടുണ്ട്. |
| (ഇ) ദേശീയ പാതകളുടെ വികസന കാര്യത്തിൽ കേരളം പിൻതള്ളപ്പെടാതിരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഇ) ദേശീയ പാതകളുടെ വികസനത്തിനായി കേന്ദ്രസർക്കാർ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്താനായി വിവിധ പദ്ധതികൾ സമർപ്പിക്കുകയും അവയ്ക്ക് അംഗീകാരം നേടുകയും ആവശ്യമായ ഫണ്ട് ആവശ്യപ്പെടുകയും ചെയ്യുന്നു. ദേശീയപാതകളുടെ നിലവാരവും ട്രാഫിക് ഡൻസിറ്റി, റോഡുപരിതലത്തിന്റെ നിജസ്ഥിതി ഇവയെല്ലാം പരിഗണിച്ച് ആവശ്യമായ പ്രോജക്ട് റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിന് കാലാകാലങ്ങളിൽ സമർപ്പിക്കുന്നുണ്ട്. |
| (എഫ്) 2005-2006, 2006-2007 വർഷങ്ങളിൽ ദേശീയപാതകളുടെ വികസനത്തിന് എത്ര തുക വീതം അനുവദിച്ചുവെന്നും അതിൽ എത്ര തുക ചെലവു ചെയ്തുവെന്നും അറിയിക്കുമോ? | (എഫ്) മെയിന്റനൻസ് ആന്റ് റിപ്പയർ (MR) |

(എഫ്) മെയിന്റനൻസ് ആന്റ് റിപ്പയർ (MR)

| വർഷം | അനുവദിച്ച തുക | ചെലവായതുക |
|---|---|---|
| 2005-06 | 55.24 കോടി രൂപ | 53.07 കോടി രൂപ |
| 2006-07 | 19.47 കോടി രൂപ | 29.87 കോടി രൂപ |

പ്ലാൻ വർക്ക്

| വർഷം | അനുവദിച്ച തുക | ചെലവായതുക |
|---|---|---|
| 2005-06 | 70.96 കോടി രൂപ | 65.99 കോടി രൂപ |
| 2006-07 | 58.02 കോടി രൂപ | 54.96 കോടി രൂപ |

സെക്ഷൻ ഓഫീസർ

9860705

GOVERNME

**പന്ത്രണ്ടാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 59 — **20.06.2007 ലെ മറുപടിയ്ക്ക്**

**കാർഷികോല്പന്നങ്ങളുടെ കയറ്റുമതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ബാബു<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. സി.പി മുഹമ്മദ് | ശ്രീ. മുല്ലക്കര രത്നാകരൻ, ബഹു:കൃഷി വകുപ്പു മന്ത്രി |

| | |
| --- | --- |
| എ).<br>പുതിയ കയറ്റുമതി നയമനുസരിച്ച് സംസ്ഥാനത്തുല്പാദിപ്പിക്കുന്ന ഏതെല്ലാം കാർഷികോല്പന്നങ്ങളുടെ കയറ്റുമതിയ്ക്കാണ് തീരുവ ഇളവു നൽകുന്നത്; | എ)<br>വെളിച്ചെണ്ണ, ഏലം, കൊപ്ര എന്നീ കാർഷികോല്പന്നങ്ങളുടെ കയറ്റുമതിയ്ക്കാണ് തീരുവ ഇളവു നൽകിയിരിക്കുന്നത്. |
| ബി).<br>ഇത്തരം കാർഷികോലപ്ന്നങ്ങൾ കൂടുതലായി കയറ്റുമതി ചെയ്യുന്നതിനായി അവയുടെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ ഏതെല്ലാം പ്രോത്സാഹനങ്ങൾ നൽകുവാനുദ്ദേശിക്കുന്നു; | ബി)<br>ഏലത്തിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സ്പൈസസ്സ് ബോർഡ് ഘട്ടം ഘട്ടമായ പുനർനടീൽ പദ്ധതി നടപ്പിലാക്കി വരുന്നു. നാളികേരത്തിന്റെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെയും നാളികേര വികസന ബോർഡിന്റെയും കൂട്ടായ പ്രവർത്തനങ്ങൾ വഴി വേരു ചീയൽ രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റി പകരം പുതിയവ വച്ചു പിടിപ്പിക്കുക, ഗുണമേന്മയുള്ള തൈകൾ വിതരണം ചെയ്യുക, ജൈവവള പ്രയോഗം വ്യാപിപ്പിക്കുക, നല്ല പരിപാലന രീതികൾ അവലംബിക്കുന്നതിനാവശ്യമായ ബോധവത്ക്കരണ പരിപാടികൾ ആവിഷ്ക്കരിക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>2007-08 സാമ്പത്തികവർഷത്തിൽ നാളികേര വികസന ബോർഡ് 25 കോടി രൂപയും, സംസ്ഥാന സർക്കാർ 11.20 കോടി രൂപയും ഈ പദ്ധതിയ്ക്കായി ചെലവഴിക്കുന്നതാണ്. |
| സി)<br>ഇത്തരം ഉല്പന്നങ്ങളുടെ സംസ്ഥാനത്തു നിന്നുള്ള കയറ്റുമതിയ്ക്ക് ഉയർന്ന ടാർജറ്റ് നിശ്ചയിക്കുവാൻ ഉദ്ദേശ്യമുണ്ടോ ? | സി)<br>ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 60 — 20.06.2007 -ൽ മറുപടിയ്ക്ക്

## നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;<br><br>ബി) നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; | (എ) യും (ബി) യും:<br>നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും നടപ്പു വർഷം കേരളശ്രീ എന്ന സമഗ്ര നെൽകൃഷി വികസന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളെ സംരക്ഷിത മേഖലകളായി പ്രഖ്യാപിച്ച് നെൽകൃഷി വികസന ഏജൻസികളുടെ പ്രവർത്തന പരിധിയിൽ വരുന്ന നെൽകൃഷി മേഖലകളിൽ ചുവടെ ചേർക്കുന്ന ഘടകങ്ങൾ കേരളശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്. |

| I | സംസ്ഥാന പദ്ധതികൾ | രൂപ ലക്ഷത്തിൽ |
|---|---|---|
| 1. | ഗ്രൂപ്പ് ഫാമിംഗ് പുനരുജ്ജീവന പദ്ധതി (40,000 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കുവാൻ 1500 രൂപ നിരക്കിൽ ധനസഹായം നൽകുന്നതാണ്) | 600 |
| 2. | ഹെക്ടർ ഒന്നിന് 5000 രൂപ സാമ്പത്തിക സഹായം നൽകി 4000 ഹെക്ടർ | 200 |

| | | |
|---|---|---|
| | തരിശു ഭൂമിയിൽ നെൽകൃഷി പുനരുജ്ജീവിപ്പിക്കുന്നതാണ്. | |
| 3. | നെൽകൃഷി മേഖലയിൽ അധിക വരുമാനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി 10,000 ഹെക്ടറിൽ അധിക വിള ഉല്പാദനം (പയർ, പച്ചക്കറി, എള്ള്, നിലക്കടല, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ വിളകളും മത്സ്യകൃഷിയും) നടപ്പാക്കുന്നതാണ്. | 250 |
| 4. | 25,000 രൂപ വീതം ധനസഹായം നൽകി ചെറുകിട സംസ്കരണ വിപണന യൂണിറ്റുകൾ (600 എണ്ണം) സ്ഥാപിക്കുന്നതാണ്. | 150 |
| 5. | നെൽകൃഷി മേഖലയിൽ കർഷക തൊഴിലാളികൾക്ക് ആധുനിക കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുന്നതാണ്. | 50 |
| 6. | നെൽകൃഷി മേഖലയിൽ കർഷക തൊഴിലാളികൾക്ക് ആധുനിക കാർഷിക യന്ത്രങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം നൽകുന്നതാണ്. | 50 |
| 7. | നെൽകൃഷി വികസന ഏജൻസികൾക്കുള്ള സഹായം | 75 |

| | | |
|---|---|---|
| 8. | പാഡി ബോഡ് രൂപീകരണം | 75 |
| | ആകെ | 1425 |
| II | ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ കർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതാണ്. | 10 കോടി രൂപ |

III കൃഷി വകുപ്പുമുഖേന നെല്ല് സംഭരണത്തിന് മാർക്കറ്റ് ഇന്റർവെൻഷൻ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള 15.6 കോടി രൂപയിൽ നിന്നും ആവശ്യമായ തുക വിനിയോഗിക്കുന്നതാണ്.

IV കേന്ദ്രാവിഷ്കൃത നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന വിവിധ പദ്ധതികൾ.

1 3300 ഹെക്ടറിൽ രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പദ്ധതി മുഖേന നെൽ വിത്ത് ഉൽപ്പാദിപ്പിക്കുന്നതാണ്.

2 അത്യുല്പാദനശേഷിയുള്ള നെൽവിത്തുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതാണ്.

3 അത്യുല്പാദനശേഷിയുള്ള നെല്ലിനങ്ങൾ, സങ്കര നെല്ലിനങ്ങൾ, ഔഷധ/സുഗന്ധ നെല്ലിനങ്ങൾ എന്നിവയുടെ കൃഷി, ഒറ്റ ഞാർ കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രദർശനത്തോട്ടങ്ങൾ സജ്ജമാക്കുകയും നൂതന സാങ്കേതിക വിദ്യകൾ നെൽകൃഷിയിൽ പ്രായോഗികമാക്കുകയും ചെയ്യുന്നതാണ്.

4 സംയോജിത വള പ്രയോഗം.

5 സംയോജിത കീട നിയന്ത്രണം..

6 പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം.

7 നെൽകൃഷി മേഖലയിലും കരകൃഷിക്കുമായുള്ള യന്ത്രവൽക്കരണം.

<u>നോൺപ്ലാൻ പദ്ധതികൾ</u>

I നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഉല്പാദന ബോണസ് നൽകിവരുന്നു.

II നെൽകൃഷിക്ക് പരിധിയില്ലാതെ വൈദ്യുതി സൗജന്യം നൽകിവരുന്നു.

സി) മെച്ചപ്പെട്ട നെൽവിത്തുകൾ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

സി) സംസ്ഥാന വിത്തുവികസന അതോറിറ്റി മുഖാന്തിരം മെച്ചപ്പെട്ട നെൽവിത്തുകൾ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കിവരുന്നു. രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതിയിലൂടെ സീഡ് അതോറിറ്റി 3500 ടൺ നെൽ വിത്ത് സംഭരിച്ച് സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നതാണ്.

ഡി) കഴിഞ്ഞവർഷം നെല്ലുല്പാദനത്തിൽ എന്തു വർദ്ധനവുണ്ടായി; ഈ വർഷം എന്തു വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്;

ഡി) 2006-07 സാമ്പത്തിക വർഷത്തെ നെല്ലുൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിവരം ശേഖരിച്ചുവരുന്നതേയുള്ളൂ. നടപ്പു സാമ്പത്തിക വർഷം നെല്ലുല്പാദനം 8.76 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

ഇ) ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം വ്യാപിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഇ) നടപ്പു സാമ്പത്തിക വർഷം " കേരളശ്രീ " പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നടപ്പിലാക്കുന്നതാണ്. നിലവിലുള്ള പാടശേഖരങ്ങൾ സ്വാശ്രയ സംഘങ്ങൾ മുഖേന പുനഃസംഘടിപ്പിച്ച് 40,000 ഹെക്ടറിൽ ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് 600 ലക്ഷം രൂപ വിനിയോഗിക്കുന്നതാണ്.

കഴിഞ്ഞ വർഷം ഹെക്ടറിന് 1000 രൂപ ക്രമത്തിൽ നൽകിയിരുന്ന ധനസഹായം 1500 രൂപയായി നടപ്പു വർഷം വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ